# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെമ്മരുതി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ ടി.വി.എം/ജി.പി.7/1062/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 30/06/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെമ്മരുതി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെമ്മരുതി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെമ്മരുതി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ ടി.വി.എം/ജി.പി.7/1062/2022 തീയ്യതി: 30/06/2022

## തിരുവനന്തപുരം ജില്ലയിലെ ചെമ്മരുതി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ചെമ്മരുതി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 54 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 51 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ. | ഡെപ്യൂട്ടി ഡയറക്ടർ | 17-06-2022 | 28-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-06-2022 | 28-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. മനേഷ്.ബി.എച്ച്., ഓഡിറ്റ് ഓഫീസർ
ശ്രീ. പ്രവീൺ.എൻ.ജി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ശരത്.ജെ.ശങ്കർ, ഓഡിറ്റർ
ശ്രീമതി ജുനൈദ അഹമ്മദ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. എ.എച്ച്.സലിം | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ഉദ്യോഗസ്ഥ ഭരണ സമിതി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീമതി പ്രിയങ്ക.വി. | പ്രസിഡന്റ് | 30-12-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീ. സുപിൻ.വി. | സെക്രട്ടറി | 01-04-2020 | 18-12-2020 |
| ശ്രീ. കിരൺചന്ദ്.എസ്.ഡി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 19-12-2020 | 19-01-2021 |
| ശ്രീ. സുപിൻ.വി. | സെക്രട്ടറി | 21-01-2021 | 15-02-2021 |
| ശ്രീമതി ബിജി ജോസഫ് | സെക്രട്ടറി | 16-02-2021 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി പ്രീതി.ആർ. | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ. രാജേഷ് ചന്ദ്രൻ.ആർ. | വെറ്റിനറി സർജൻ | 01-04-2020 | 15-09-2020 |
| ശ്രീ. ഹിഷാം.എ. | വെറ്റിനറി സർജൻ | 16-09-2020 | 31-03-2021 |
| ഡോ. അൻവർ അബ്ബാസ്. | മെഡിക്കൽ ഓഫീസർ - എഫ്.എച്ച്.സി. | 01-04-2020 | 31-03-2021 |
| ഡോ. മുരളീകൃഷ്ണൻ.കെ.എസ്. | മെഡിക്കൽ ഓഫീസർ - ഹോമിയോ | 01-04-2020 | 31-03-2021 |
| ഡോ. സൌമ്യ ശശിധരൻ നായർ | മെഡിക്കൽ ഓഫീസർ - ആയുർവേദം | 01-04-2020 | 14-02-2021 |
| ഡോ. ഷൈലി.എസ്.രാജു. | മെഡിക്കൽ ഓഫീസർ - ആയുർവേദം | 15-02-2021 | 31-03-2021 |
| ശ്രീ. പ്രവീൺ.എം. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - സർക്കിൾ 1 | 01-04-2020 | 31-03-2021 |
| ശ്രീ. ബിജു.ജി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - സർക്കിൾ 2 | 01-04-2020 | 31-03-2021 |
| ശ്രീമതി അൽമാസ് അഷറഫ്. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ. സുപിൻ.വി. | സെക്രട്ടറി | 01-04-2020 | 18-12-2020 |
| ശ്രീ. കിരൺചന്ദ്.എസ്.ഡി. | സെക്രട്ടറി-ഇൻ-ചാർജ് | 19-12-2020 | 19-01-2021 |
| ശ്രീ. സുപിൻ.വി. | സെക്രട്ടറി | 20-01-2021 | 15-02-2021 |
| ശ്രീമതി ബിജി ജോസഫ് | സെക്രട്ടറി | 16-02-2021 | 31-03-2021 |
| ശ്രീ. മുരളീധരൻ.ജെ. | എച്ച്.എം. | 01-04-2020 | 31-05-2020 |
| ശ്രീമതി വിനതകുമാരി.പി.ടി. | എച്ച്.എം. | 01-06-2020 | 31-03-2021 |
| ശ്രീ. വിനുരാജ്.ഡി. | അസിസ്റ്റൻ്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി ശ്രീത.ടി. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 15-02-2021 |

| | | | |
|---|---|---|---|
| ശ്രീ. വിനോദ്.ആർ.എസ്. | ഡയറി ഫാം ഇൻസ്ട്രക്ടർ | 16-02-2021 | 31-03-2021 |
| ശ്രീ. കിരൺചന്ദ്.എസ്.ഡി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി കൃഷ്ണകുമാരി.എ. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Manesh.B.H (Audit Officer, On 28-06-2022)<br>Last Updated By: Manesh.B.H (Audit Officer, On 30-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Manesh.B.H (Audit Officer, On 28-06-2022)<br>Last Updated By: Manesh.B.H (Audit Officer, On 28-06-2022) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ<br>Written By: Manesh.B.H (Audit Officer, On 28-06-2022)<br>Last Updated By: K Sreeja (Deputy Director, On 30-06-2022) | 1-2-1 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Manesh.B.H (Audit Officer, On 28-06-2022)<br>Last Updated By: Manesh.B.H (Audit Officer, On 29-06-2022) | 1-3 |
| 5 | പദ്ധതി അവലോകനം<br>Written By: Manesh.B.H (Audit Officer, On 28-06-2022)<br>Last Updated By: Renjith C (Auditor, On 30-06-2022) | 1-4 |
| 6 | ക്ഷേമ പദ്ധതികൾ<br>Written By: Manesh.B.H (Audit Officer, On 21-06-2022)<br>Last Updated By: Swapna.S (Senior Grade Auditor, On 29-06-2022) | 1-5 |
| 7 | മരണശേഷവും പെൻഷൻ നൽകി<br>Written By: Manesh.B.H (Audit Officer, On 24-06-2022)<br>Last Updated By: Swapna.S (Senior Grade Auditor, On 29-06-2022) | 1-5-1 |
| 8 | സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ സാമൂഹ്യസുരക്ഷാ പെൻഷനുകൾ കൈപ്പറ്റി<br>Written By: Manesh.B.H (Audit Officer, On 24-06-2022)<br>Last Updated By: Swapna.S (Senior Grade Auditor, On 29-06-2022) | 1-5-2 |
| 9 | ക്യാഷ് പരിശോധന<br>Written By: Manesh.B.H (Audit Officer, On 17-06-2022)<br>Last Updated By: Swapna.S (Senior Grade Auditor, On 29-06-2022) | 1-6 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Manesh.B.H (Audit Officer, On 28-06-2022)<br>Last Updated By: Renjith C (Auditor, On 30-06-2022) | 1-7 |
| 11 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sarath J Sankar (Auditor, On 28-06-2022)<br>Last Updated By: Swapna.S (Senior Grade Auditor, On 29-06-2022) | 1-8 |
| 12 | കൃഷിക്കാവശ്യമായ കുളത്തിന്റെ നിർമ്മാണം - സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല<br>Written By: Sarath J Sankar (Auditor, On 28-06-2022)<br>Last Updated By: Swapna.S (Senior Grade Auditor, On 29-06-2022) | 1-8-1 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Manesh.B.H (Audit Officer, On 21-06-2022)<br>Last Updated By: Swapna.S (Senior Grade Auditor, On 29-06-2022) | 1-9 |
| 14 | ലൈസൻസ് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ<br>Written By: Junaida Ahamed (Auditor, On 28-06-2022)<br>Last Updated By: Manesh.B.H (Audit Officer, On 30-06-2022) | 1-10 |
| 15 | വസ്തു നികുതി -വിവിധ അപാകങ്ങൾ<br>Written By: Sarath J Sankar (Auditor, On 28-06-2022)<br>Last Updated By: Manesh.B.H (Audit Officer, On 30-06-2022) | 1-11 |
| 16 | പത്രപ്പരസ്യം - നിരക്ക് കണക്കാക്കിയതിൽ അപാകം<br>Written By: Sarath J Sankar (Auditor, On 28-06-2022)<br>Last Updated By: Manesh.B.H (Audit Officer, On 30-06-2022) | 1-12 |
| 17 | ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള അഗ്രോ സർവീസ് സെന്ററിനായി റെയിൻ ഷെൽറ്റർ നിർമ്മിച്ചു.<br>Written By: Manesh.B.H (Audit Officer, On 26-06-2022)<br>Last Updated By: Swapna.S (Senior Grade Auditor, On 29-06-2022) | 1-13 |
| 18 | ABC പ്രോഗ്രാം - വിനിയോഗവിവരങ്ങളുടെ അഭാവത്തിൽ 98700 രൂപയുടെ | 1-14 |

| | | |
|---|---|---|
| | ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Manesh.B.H (Audit Officer, On 28-06-2022)<br>Last Updated By: Swapna.S (Senior Grade Auditor, On 29-06-2022) | |
| 19 | ആട് വളർത്തൽ – പ്രോജക്റ്റ് നിർവ്വഹണത്തിലെ അപാകങ്ങൾ<br>Written By: Manesh.B.H (Audit Officer, On 28-06-2022)<br>Last Updated By: Swapna.S (Senior Grade Auditor, On 29-06-2022) | 1-15 |
| 20 | പ്രത്യേക കന്നുകുട്ടി പരിപാലനം - ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.<br>Written By: Manesh.B.H (Audit Officer, On 28-06-2022)<br>Last Updated By: Swapna.S (Senior Grade Auditor, On 29-06-2022) | 1-16 |
| 21 | ആയുർവേദ മരുന്ന് വാങ്ങൽ പ്രോജക്ടിലെ അപാകങ്ങൾ<br>Written By: Junaida Ahamed (Auditor, On 28-06-2022)<br>Last Updated By: Swapna.S (Senior Grade Auditor, On 29-06-2022) | 1- 17 |
| 22 | ലൈഫ് ഭവന പദ്ധതി - അധിക ധനസഹായം നൽകി.<br>Written By: Sarath J Sankar (Auditor, On 28-06-2022)<br>Last Updated By: Swapna.S (Senior Grade Auditor, On 29-06-2022) | 1-18 |
| 23 | കിണർ റീചാർജ്ജിംഗ് - വരുമാനരേഖകൾ സൂക്ഷിച്ചിട്ടില്ല.<br>Written By: Sarath J Sankar (Auditor, On 28-06-2022)<br>Last Updated By: Swapna.S (Senior Grade Auditor, On 29-06-2022) | 1-19 |
| 24 | ഭവന പുനരുദ്ധാരണം - വിവിധ അപാകങ്ങൾ<br>Written By: Sarath J Sankar (Auditor, On 28-06-2022)<br>Last Updated By: Swapna.S (Senior Grade Auditor, On 29-06-2022) | 1-20 |
| 25 | അങ്കണവാടി അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതാണ്.<br>Written By: Sarath J Sankar (Auditor, On 28-06-2022)<br>Last Updated By: Renjith C (Auditor, On 30-06-2022) | 1-21 |
| 26 | മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്- തുക പൂർണമായും അനുവദിച്ചില്ല<br>Written By: Sarath J Sankar (Auditor, On 28-06-2022)<br>Last Updated By: Swapna.S (Senior Grade Auditor, On 29-06-2022) | 1-22 |
| 27 | വയോജനങ്ങൾക്ക് പകൽ വീട് പ്രവർത്തനങ്ങൾ - ഗുണഭോക്തൃ തെരെഞ്ഞെടുപ്പിൽ അപാകം<br>Written By: Sarath J Sankar (Auditor, On 28-06-2022)<br>Last Updated By: Swapna.S (Senior Grade Auditor, On 29-06-2022) | 1-23 |
| 28 | അങ്കണവാടികൾ ഹൈടെക്കാക്കൽ- പ്രൊക്യൂർമെന്റ് നടപടികളിൽ അപാകം<br>Written By: Sarath J Sankar (Auditor, On 28-06-2022)<br>Last Updated By: Swapna.S (Senior Grade Auditor, On 29-06-2022) | 1-24 |
| 29 | പഞ്ചായത്ത് ഓഫീസിലേയ്ക്ക് പമ്പ് സെറ്റ് വാങ്ങൽ - പ്രൊക്യൂർമെന്റ് നടപടികൾ പാലിച്ചില്ല<br>Written By: Sarath J Sankar (Auditor, On 28-06-2022)<br>Last Updated By: Manesh.B.H (Audit Officer, On 30-06-2022) | 1-25 |
| 30 | തെരുവ് വിളക്ക് വാങ്ങൽ - രേഖകൾ ഹാജരാക്കിയില്ല 920927/- രൂപ തടസപ്പെടുത്തുന്നു<br>Written By: Sarath J Sankar (Auditor, On 28-06-2022)<br>Last Updated By: Manesh.B.H (Audit Officer, On 30-06-2022) | 1-26 |
| 31 | തെരുവ് വിളക്ക് മെയിന്റനൻസ് - രേഖകൾ ഹാജരാക്കിയില്ല<br>Written By: Sarath J Sankar (Auditor, On 28-06-2022)<br>Last Updated By: Manesh.B.H (Audit Officer, On 30-06-2022) | 1-27 |
| 32 | വരൾച്ചാ ദുരിതാശ്വാസ പദ്ധതി- കുടിവെള്ള വിതരണത്തിന്റെ രേഖകൾ പൊരുത്തപ്പെടുന്നില്ല<br>Written By: Sarath J Sankar (Auditor, On 28-06-2022)<br>Last Updated By: Manesh.B.H (Audit Officer, On 29-06-2022) | 1-28 |
| 33 | എസ്.എസ്.എ വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല 1000000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Sarath J Sankar (Auditor, On 28-06-2022)<br>Last Updated By: Manesh.B.H (Audit Officer, On 29-06-2022) | 1-29 |
| 34 | ആയുർവേദ ആശുപത്രി റീ ഇലക്ട്രിഫിക്കേഷൻ - ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല -160970/- രൂപ തടസപ്പെടുത്തുന്നു | 1-30 |

| | | |
|---|---|---|
| | Written By: Sarath J Sankar (Auditor, On 28-06-2022)<br>Last Updated By: Manesh.B.H (Audit Officer, On 29-06-2022) | |
| 35 | സ്മാർട്ട് സ്കൂൾ പദ്ധതിക്കായുള്ള കമ്പ്യൂട്ടറുകളും പ്രൊജക്ടറുകളും നാളിതുവരെ ലഭ്യമായില്ല<br>Written By: Junaida Ahamed (Auditor, On 28-06-2022)<br>Last Updated By: Manesh.B.H (Audit Officer, On 30-06-2022) | 1-31 |
| 36 | പാർട്ട് ബില്ലുകളിൽ നിന്നും റിടെൻഷൻ തുക ഈടാക്കിയില്ല.<br>Written By: Praveen N.G (Asst. Audit Officer, On 28-06-2022)<br>Last Updated By: Manesh.B.H (Audit Officer, On 29-06-2022) | 1-32 |
| 37 | ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടാത്ത ഗ്രന്ഥശാലയിൽ മെയിന്റനൻസ് പ്രവർത്തനങ്ങൾക്കായി തുക ചെലവാക്കി<br>Written By: Praveen N.G (Asst. Audit Officer, On 28-06-2022)<br>Last Updated By: Manesh.B.H (Audit Officer, On 29-06-2022) | 1-33 |
| 38 | 2020-21ൽ ഫൈനൽ ബിൽ നൽകിയ പദ്ധതിക്കായി 2021-22ൽ വീണ്ടും പദ്ധതി രൂപീകരിച്ചു.<br>Written By: Praveen N.G (Asst. Audit Officer, On 28-06-2022)<br>Last Updated By: Manesh.B.H (Audit Officer, On 30-06-2022) | 1-34 |
| 39 | കുടുംബാരോഗ്യ കേന്ദ്രത്തിലേയ്ക്ക് ഫർണിച്ചർ, പി പി ഇ കിറ്റ്എന്നിവ വാങ്ങൽ - രേഖകളുടെ അഭാവത്തിൽ 1,31,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Praveen N.G (Asst. Audit Officer, On 28-06-2022)<br>Last Updated By: Manesh.B.H (Audit Officer, On 29-06-2022) | 1-35 |
| 40 | കുടുംബാരോഗ്യകേന്ദ്രം ഓഡിറ്റോറിയത്തിലേക്ക് ഫർണിച്ചർ വാങ്ങൽ - രേഖകൾ ഹാജരാക്കിയില്ല.<br>Written By: Praveen N.G (Asst. Audit Officer, On 28-06-2022)<br>Last Updated By: Manesh.B.H (Audit Officer, On 29-06-2022) | 1-36 |
| 41 | കുടുംബശ്രീയൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട്, തിരിച്ചടവ് കാര്യക്ഷമമാക്കണം.<br>Written By: Praveen N.G (Asst. Audit Officer, On 28-06-2022)<br>Last Updated By: Manesh.B.H (Audit Officer, On 29-06-2022) | 1-37 |
| 42 | അഗതിരഹിത കേരളം - നിർവ്വഹണത്തിലെ അപാകങ്ങൾ<br>Written By: Praveen N.G (Asst. Audit Officer, On 28-06-2022)<br>Last Updated By: Manesh.B.H (Audit Officer, On 28-06-2022) | 1-38 |
| 43 | കിണർ റീചാർജ്ജിംഗ്- മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കണം<br>Written By: Praveen N.G (Asst. Audit Officer, On 28-06-2022)<br>Last Updated By: Manesh.B.H (Audit Officer, On 29-06-2022) | 1-39 |
| 44 | കുളത്തിലെ മത്സ്യകൃഷി - മോണിറ്ററിംഗിന്റെ അഭാവം<br>Written By: Manesh.B.H (Audit Officer, On 28-06-2022)<br>Last Updated By: Manesh.B.H (Audit Officer, On 30-06-2022) | 1-40 |
| | ഭാഗം **2** | |
| 1 | ഇല്ല<br>Written By: Manesh.B.H (Audit Officer, On 28-06-2022)<br>Last Updated By: Manesh.B.H (Audit Officer, On 28-06-2022) | 2-1 |
| | ഭാഗം **3** | |
| 1 | ലൈഫ് ഭവന പദ്ധതി - അധികം നൽകിയ തുകയായ 10000/- രൂപ നിരാകരിക്കുന്നു.<br>Written By: Sarath J Sankar (Auditor, On 28-06-2022)<br>Last Updated By: Manesh.B.H (Audit Officer, On 30-06-2022) | 3-1 |
| | ഭാഗം **4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Manesh.B.H (Audit Officer, On 21-06-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 29-06-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Manesh.B.H (Audit Officer, On 28-06-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 29-06-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Manesh.B.H (Audit Officer, On 21-06-2022)<br>Last Updated By: Manesh.B.H (Audit Officer, On 21-06-2022) | 4-3 |

| | | |
|---|---|---|
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Manesh.B.H (Audit Officer, On 21-06-2022)<br>Last Updated By: Manesh.B.H (Audit Officer, On 21-06-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Manesh.B.H (Audit Officer, On 21-06-2022)<br>Last Updated By: Manesh.B.H (Audit Officer, On 21-06-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Manesh.B.H (Audit Officer, On 21-06-2022)<br>Last Updated By: Manesh.B.H (Audit Officer, On 21-06-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Manesh.B.H (Audit Officer, On 21-06-2022)<br>Last Updated By: Manesh.B.H (Audit Officer, On 21-06-2022) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Manesh.B.H (Audit Officer, On 21-06-2022)<br>Last Updated By: Manesh.B.H (Audit Officer, On 21-06-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Manesh.B.H (Audit Officer, On 28-06-2022)<br>Last Updated By: Renjith C (Auditor, On 30-06-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Manesh.B.H (Audit Officer, On 21-06-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 29-06-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2020-21ലെ ബജറ്റ് ഭരണസമിതിയുടെ 1/1 തീയതി 27.03.2020-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പ്രസ്തുത ബജറ്റിലെ പ്രതീക്ഷിത വരവ് ചെലവുകൾ മുൻവർഷത്തേയും തൻവർഷത്തേയും വരവ് ചെലവുകളുമായുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| | 2019-20 വാർഷിക കണക്ക് പ്രകാരം | 2020-21 ബജറ്റ് പ്രകാരം പ്രതീക്ഷിതം | 2020-21വാർഷിക കണക്ക് പ്രകാരം |
|---|---|---|---|
| മുന്നിരിപ്പ് | 25230238 | 2453108 | 29313959 |
| വരവ് | 84752102 | 408570058 | 133074042 |
| ആകെ | 109982340 | 411023166 | 162388001 |
| ചെലവ് | 80668381 | 409659058 | 122248187 |
| നീക്കിയിരിപ്പ് | 29313959 | 1364108 | 40139814 |

ഭരണ സമിതിയുടെ 1/1 തീയതി 24.02.2021-ാം നമ്പർ തീരുമാനപ്രകാരം പുതുക്കിയ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

1)ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി തീയതി 02.12.2016 -ാം നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ആയത് പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും എല്ലാ മാസവും 5-ാം തീയതിയ്ക്ക് മുൻപായി മാസം തോറുമുള്ള അവലോകന റിപ്പോർട്ടും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതും, അതിന്റെ അടിസ്ഥാനത്തിൽ പട്ടിക 4-1, 4-2 എന്നിവ പ്രകാരം വരുമാനവും ചെലവും സംബന്ധിച്ച് മാസം തോറുമുള്ള അവലോകന റിപ്പോർട്ട് സെക്രട്ടറി ഗ്രാമപഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതും, എല്ലാ മാസവും 10-ാം തീയതിക്ക് മുൻപായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസം തോറുമുള്ള അവലോകനം നിർവ്വഹിക്കേണ്ടതുമുണ്ട്. പ്രസ്തുത അവലോകനത്തിന്റെ അടിസ്ഥാനത്തിൽ വിഭവ സമാഹരണത്തിന്റെയും ചെലവിന്റെയും പുരോഗതി സംബന്ധിച്ച പുരോഗതി റിപ്പോർട്ട് ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതും ആയത് ഒരു അജണ്ടയാക്കി ഗ്രാമപഞ്ചായത്ത് മീറ്റിംഗിൽ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതുമാണ്. കൂടാതെ പ്രസിഡന്റ് മാസം തോറും നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഒരു യോഗം കൂടേണ്ടതും നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും അടുത്ത മാസത്തെ പ്രവർത്തന പദ്ധതി ചർച്ച ചെയ്യേണ്ടതുമാണ്. മാസം തോറുമുള്ള അവലോകനം സെക്രട്ടറി ഏകോപിക്കേണ്ടതുമാണ്[ബജറ്റ് മാന്വൽ ഖണ്ഡിക 4-4]. ബജറ്റ് തയ്യാറാക്കുന്നതിൽ ഇപ്രകാരമുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടില്ല.

2)മേൽ ഉത്തരവ് പ്രകാരം വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്നും (ബജറ്റ് മാന്വൽ ഖണ്ഡിക 4-5) പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്നും ബജറ്റ് മാന്വൽ ഖണ്ഡിക 4-5(xi) വ്യക്തമാക്കുന്നു. ഇപ്രകാരമുള്ള അവലോകനം നടത്തിയതായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സിലും ജനറൽ കമ്മിറ്റി മിനിട്സിലും രേഖപ്പെടുത്തേണ്ടതാണ്. ഘടക സ്ഥാപന മേധാവികൾ സമർപ്പിച്ച പ്രൊപ്പോസലുകൾ ജനറൽ കമ്മിറ്റിയുടെ അംഗീകാരത്തിനായി ശുപാർശ ചെയ്തതൊഴികെ മറ്റുള്ള നടപടികളുണ്ടായിട്ടില്ല.

3)വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ട താഴെപ്പറയുന്ന പ്രധാന രേഖകളും ലഭ്യമാക്കിയിട്ടില്ല.

എ) ബജറ്റ് പ്രസംഗം

ബി) ബജറ്റ് കുറിപ്പുകൾ

സി) ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

ഡി) പെർഫോമൻസ് ബജറ്റ്

4) ILGMS സോഫ്റ്റ് വെയർ മുഖേന തയ്യാറാക്കിയ വാർഷിക ധനകാര്യ പത്രികയിലെ അക്കൌണ്ട് കോഡുകളുമായി പൊരുത്തപ്പെടുത്തി പുതുക്കിയ ബജറ്റ് തയ്യാറാക്കിയിട്ടില്ല. ILGMS സോഫ്റ്റ് വെയറിൽ എല്ലാ അക്കൌണ്ട് കോഡുകളും ലഭ്യമായിരുന്നില്ലെന്നാണ് വിശദീകരിച്ചിട്ടുള്ളത് (ഓഡിറ്റ് എൻക്വയറി നമ്പർ 08/20.06.2022ന്റെ മറുപടി).

### 1-2 വാർഷിക ധനകാര്യ പത്രിക

| വാർഷിക ധനകാര്യ പത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 30.05.2022 (ILGMS) |

വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ഉപഖണ്ഡികയായി ഉൾപ്പെടുത്തിയിട്ടുണ്ട്

## 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ

എ)വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 62 (2)(എ) പ്രകാരം വാർഷിക ധനകാര്യപത്രിക തയ്യാറാക്കുമ്പോൾ അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കണമെന്നും അതിൽ പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിജന്റ് ബാദ്ധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ എന്നിവ ഉൾപ്പെടുത്തേണ്ടതാണെന്നുമുണ്ട്. ചട്ടം 62(2)(ബി) പ്രകാരം അക്കൗണ്ടിംഗ് മാന്വലിൽ നിർദ്ദേശിച്ചിരിക്കുന്ന സാമ്പത്തിക അനുപാതങ്ങൾ ഉൾപ്പെടുത്തി അടിസ്ഥാന അനുപാതങ്ങൾ തയ്യാറാക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്.

എന്നാൽ, വാർഷിക ധനകാര്യപത്രികയോടൊപ്പം അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

2)കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 17(2) പ്രകാരം, അക്രൂവൽ അടിസ്ഥാനത്തിൽ അക്കൗണ്ട് ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യങ്ങൾ സംബന്ധിച്ചും, ഡിമാന്റുകളിലും അഡ്ജസ്റ്റ്മെന്റുകളിലും വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ചും, തിരിച്ച് നൽകൽ / കുറവ് വരുത്തൽ എന്നിവ സംബന്ധിച്ചും, എഴുതിത്തള്ളൽ എന്നിവ സംബന്ധിച്ചും, പിരിവിന്റെ വിശദാംശങ്ങൾ സംബന്ധിച്ചുമായ പ്രതിമാസ സമ്മറി സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി തയ്യാറാക്കേണ്ടതും ഇവയുടെ അടിസ്ഥാനത്തിൽ അക്കൌണ്ട് പുസ്തകങ്ങളിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്തേണ്ടതുമാണ്. മേൽപ്പറഞ്ഞ കാര്യങ്ങളിൽ പുതിയ വിവരങ്ങളൊന്നും രേഖപ്പെടുത്തേണ്ടതില്ലെങ്കിൽ ഒരു ' ശൂന്യ പത്രിക' തയ്യാറാക്കേണ്ടതാണ്. പ്രസ്തുത സ്റ്റേറ്റ്മെന്റുകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

3)കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 58 (4) (എ) പ്രകാരം സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും ഓരോ വർഷാന്ത്യത്തിലും നടത്തണമെന്നുണ്ട്. വാർഷിക ധനകാര്യപത്രിക B-14 ഷെഡ്യൂൾ പ്രകാരം Stock In Hand (Inventories) 0 ആണ്.

4)സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച തുക ചെലവഴിക്കാതെ അവശേഷിക്കുന്നു.

ജി.ഒ(പി) 07/17/ധന തീയതി 23.01.17 നമ്പർ ഉത്തരവ് പ്രകാരം പ്രോജക്ട് നിർവ്വഹണം നടത്താത്ത പക്ഷം, പ്രസ്തുത പദ്ധതി സ്പിൽഓവർ ആയില്ലെങ്കിൽ നിർവ്വഹണം ഏറ്റെടുത്ത തദ്ദേശസ്ഥാപനം, ജോയിന്റ് അക്കൗണ്ട് മാർച്ച് 31-ന് മുൻപ് റിക്കൺസിലിയേഷൻ നടത്തി ചെലവഴിക്കാൻ കഴിയാത്ത തുക അതത് തദ്ദേശസ്ഥാപനത്തിന് കൈമാറേണ്ടതും അക്കൗണ്ട് സീറോ ബാലൻസ് ആക്കേണ്ടതുമാണ്. എന്നാൽ, സംയുക്ത പ്രോജക്ടുകളുടെ തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു.(B -4 Schedule)

| Code Number | Particulars | Amount |
|---|---|---|
| 320700104 | Contributions For Joint Venture Projects (For Capital Expenditure) - From Block Panchayats | 280000 |
| 320700204 | Contributions For Joint Venture Projects (For Revenue Expenditure) - From Block Panchayats | 766404 |
| 320700205 | Contributions For Joint Venture Projects (For Revenue Expenditure)-From District Panchayats | 35200 |
| 320700404 | Contributions For Other Specific Purposes (For Revenue Expenditure) - From Block Panchayats | 100000 |

5)ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 2/17.06.2022) അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടി പ്രകാരം ആസ്തി രൂപീകരണത്തിനായി, 12,20,201രൂപ പാർട്ട് ബിൽ നൽകിയിട്ടുണ്ട്. എന്നാൽ B11(b) ഷെഡ്യൂളിൽ Capital Work In Progress ഇനത്തിൽ തുക ഉൾപ്പെടുത്തിയിട്ടില്ല.

6)B18 ഷെഡ്യൂൾ പ്രകാരം അഡ്വാൻസായി നൽകിയിട്ടുള്ള ചുവടെ ചേർക്കുന്ന തുകകൾ അഡ്ജസ്റ്റ് ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

| കോഡ് | ഇനം | തുക |
|---|---|---|
| 460500501 | Advance To Implementing Officers | 655018 |
| 460509901 | Advance To Others | 887471 |

7)ഗ്രാമപഞ്ചായത്തിലെ Fixed Assets ന്റെ ഡിപ്രീസിയേഷൻ Income & Expenditure Statement I-17(a) ൽ കണക്കാക്കിയിട്ടില്ല. തൻവർഷ B-11(a) ഷെഡ്യൂളിൽ രേഖപ്പെടുത്തിയ ആസ്തികളുടെ ഡിപ്രീസിയേഷനും (11005248) 2019-20 വർഷത്തെ ബാലൻസ് ഷീറ്റിൽ (B-11) രേഖപ്പെടുത്തിയിരിക്കുന്ന ഡിപ്രീസിയേഷനും ഒരേ തുകതന്നെയാണ്.

അപാകങ്ങൾക്ക് വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 15/22.06.2022) മറുപടി ലഭ്യമാക്കിയില്ല.

8)RP-49പ്രകാരം Advance To Implementing Agencies - Deposit With KSEB (Code 460500202) 252832 രൂപയാണ്. എന്നാൽ പ്രസ്തുത ഹെഡിന്റെ Ledger പരിശോധിച്ചതിൽ നിക്ഷേപം 1169433 രൂപയാണ്. Ledger ൽ 916601 രൂപ കൂടുതലായി ഉൾപ്പെടുത്തി.

വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നമ്പർ 12/21.06.2022) മറുപടി ലഭ്യമാക്കിയില്ല

ബി) ILGMS അക്കൗണ്ടിംഗ്

9)ഗ്രാമ പഞ്ചായത്ത് 05.09.2020 ൽ സാംഖ്യ ക്ലോസ് ചെയ്ത് 06.09.2020 മുതൽ ILGMSലേക്ക് മാറിയതായി അറിയിച്ചിരുന്നു. 05.09.2020ലെ സാംഖ്യ നീക്കിയിരിപ്പല്ല ILGMS മുന്നിരിപ്പായെടുത്തിരിക്കുന്നത്. 06.09.2020ൽ സാംഖ്യ Transactions നടത്തിയശേഷം പ്രസ്തുത നീക്കിയിരിപ്പ് ILGMS മുന്നിരിപ്പായി ഉൾപ്പെടുത്തി.

10)ഗ്രാമ പഞ്ചായത്ത് ILGMSലേക്ക് മാറിയ 06.09.2020ലെ ILGMSമുന്നിരിപ്പ്, 05.09.2020ലെ സാംഖ്യ നീക്കിയിരിപ്പ് എന്നിവയിൽ അക്കൗണ്ട് ഹെഡ്, കോഡ്, തുക എന്നീ ഇനങ്ങളിൽ ചുവടെ ചേർക്കും പ്രകാരം വ്യത്യാസമുണ്ട്.

| 05.09.2020ലെ ബാലൻസ് ഷീറ്റ് പ്രകാരം സാംഖ്യ നീക്കിയിരിപ്പ് | | | 06.09.2020ലെ ട്രയൽ ബാലൻസ് പ്രകാരം ILGMSമുന്നിരിപ്പ് | | |
|---|---|---|---|---|---|
| കോഡ് | ഹെഡ് | തുക | കോഡ് | ഹെഡ് | തുക |
| 320100101 | Centrally Sponsored Scheme-NREGA | 564850 | 320100128 | MGNREGA | 196544 |
| 320400199 | Grants, Funds & Contributions For Specific Purposes - Other Financial Institutions | 731715 | 320400199 | Grants, Funds & Contributions For Specific Purposes - Other Financial Institutions | 0 |
| 320800202 | Donations Related To Pandemic/Epidemic Control | 20309 | 320900102 | Donations Related To Pandemic/Epidemic Control | 0 |
| 320800299 | Donations To Flood | 34263 | 320900101 | Donatons To CMDRF | 34263 |
| 350200301 | Recoveris Payable - COVID | 531029 | Head ഉൾപ്പെടുത്തിയിട്ടില്ല | | |
| 330500201 | Secured Loans - Loan From KURDFC | 9530912 | 330500201 | Secured Loans - Loan From KURDFC | 4930912 |
| 340100102 | Suppliers' EMD | 100935 | 340100102 | Suppliers' EMD | 144685 |
| 340100202 | Suppliers' Security Deposit | 81860 | 340100202 | Suppliers' Security Deposit | 59860 |
| 350110104 | Employee Liabilities - Pension Contribution Payable | 58970 | 350110104 | Employer Liabilities-Pension Contribution Payable | 61522 |
| 350200102 | Recoveries Payable -Kerala Panchayat Employees Provident Fund | 43050 | 350200102 | Recoveries Payable -Kerala Panchayat Employees Provident Fund | 46900 |
| 350200104 | Recoveries Payable - GIS | 11300 | 350200104 | Recoveries Payable - GIS | 10300 |
| 350200105 | Recoveries Payable - LIC | 5568 | 350200105 | Recoveries Payable - LIC | 6810 |

| | | | | | |
|---|---|---|---|---|---|
| 350200199 | Recoveries Payable – Other Recoveries From Employees | 14550 | 350200199 | Recoveries Payable – Other Recoveries From Employees | 11526 |
| 350300101 | Government And Other Dues Payable – Library Cess | 158497 | 350300101 | Government And Other Dues Payable – Library Cess | 131064 |
| 350300110 | Government And Other Dues Payable –CGST | 65593 | 350200205 | Recoveries Payable – Goods And Service Tax(CGST) | 70956 |
| 350300111 | Government And Other Dues Payable –SGST | 65592 | 350200206 | Recoveries Payable – Goods And Service Tax(SGST) | 70955 |
| 350300116 | Government And Other Dues Payable –Flood Cess | 947 | 350300111 | Government And Other Dues Payable –Flood Cess | 3209 |
| 350800299 | Other Liabilities | 148476 | 350800199 | Other Creditors | 148476 |

Asset ഹെഡുകൾ ഭൂരിഭാഗവും Code, Head, Amount എന്നിവ പൊരുത്തപ്പെടുന്നില്ല.

11)06.09.2020ലെ സാംഖ്യ B-15 ഷെഡ്യൂളിലെ Sundry Debtors (Receivables) ലെ Rent Recievables From Buildings (Arrears) ഒഴികെ മറ്റ് നീക്കിയിരിപ്പുകൾ ILGMSമുന്നിരിപ്പിൽ ഉൾപ്പെട്ടിട്ടില്ല. ഉൾപ്പെടുത്തിയ Rent Recievables From Buildings (Arrears)ലും വ്യത്യാസമുണ്ട്.

12)06.09.2020 ലെ സാംഖ്യ B-11 ഷെഡ്യൂളിലെ ഡിപ്രിസിയേഷൻ ILGMS മുന്നിരിപ്പിൽ ഉൾപ്പെട്ടിട്ടില്ല.
പ്രസ്തുത വ്യത്യസങ്ങൾക്ക് കാരണം ലഭ്യമാക്കിയ ബാലൻസ് ഷീറ്റ് 15.09.2020-ലേതായിരുന്നുവെന്നാണ് വിശദീകരണം(ഓഡിറ്റ് എൻക്വയറി നമ്പർ 29ന്റെ മറുപടി). എന്നാൽ 06.09.2020ൽ ILGMSലേക്ക് മാറിയ സാഹചര്യത്തിൽ 06.09.2020ലെ സാംഖ്യ ബാലൻസ് ഷീറ്റും ഇപ്രകാരമുള്ള വ്യത്യാസമുള്ളതാണ്.

13)ILGMS റിക്കൺസിലിയേഷൻ റിപ്പോർട്ടിൽ ജില്ലാ സഹകരണ ബാങ്കിലെ അക്കൗണ്ട് (നമ്പർ12807) പൊരുത്തപ്പെടുത്തി സമർപ്പിച്ചിട്ടില്ല.

14)ILGMS റിക്കൺസിലിയേഷൻ റിപ്പോർട്ട് പരിശോധിച്ചതിൽ, കേരള ഗ്രാമീൺ ബാങ്കിൽ (നടയറ - അക്കൗണ്ട് നമ്പർ 40351101016062) നല്കിയ 5,58,778രൂപയുടെ ചെക്ക് (ചെക്ക് നമ്പർ 30719/29.03.2021, വൗച്ചർ നമ്പർ 22000537/29.03.2021) Cheque Issued But Not Presented To Bank ഇനത്തിൽ ഉൾപ്പെടുത്തി ബാങ്ക് ബുക്ക്, പാസ് ബുക്ക് നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുത്തിയതായി കാണുന്നു. വിവിധ വാർഡുകളിൽ മിനി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്ററുകൾ സ്ഥാപിക്കൽ (നമ്പർ 214/21) എന്ന പ്രോജക്ടിനായുള്ള കേന്ദ്രാവിഷ്കൃത ഫണ്ട് ഫൈനൽ ബിൽ ചെലവാണിത്. സുലേഖ ചെലവ് പത്രികയിൽ ചെലവ് കാണിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത പ്രോജക്ട് സ്പിൽ ഓവറായി നടപ്പാക്കി. 2021-22 വർഷവും റിക്കൺസിലിയേഷൻ റിപ്പോർട്ടിൽ, പ്രസ്തുത ചെക്ക് Uncashed Cheque ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇപ്രകാരം ചെലവ് കാണിച്ച തുകയ്ക്കായി 2021-22 വർഷം സ്പിൽഓവർ പ്രോജക്ട് രൂപീകരിച്ചതിനുള്ള വിശദീകരണവും പരാമർശിക്കപ്പെട്ട ചെക്ക് പണമായതിന്റെ വിശദാംശങ്ങളും ലഭ്യമാക്കിയില്ല.

സി)MGNREGS അക്കൗണ്ട് ചെയ്യതിലെ അപാകങ്ങൾ

വാർഷിക ധനകാര്യ പത്രിക, MGNREGS ക്യാഷ് ബുക്ക്, EFMS സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ, തൊഴിലുറപ്പ് പദ്ധതിയുടെ വരവ് ചെലവുകൾ അക്കൗണ്ട് ചെയ്യതിൽ ചുവടെ ചേർക്കും പ്രകാരം അപാകങ്ങൾ കണ്ടെത്തി.

15)ഇൻകം & എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റിൽ തുല്യമാകേണ്ട ഷെഡ്യൂളുകളിൽ ചുവടെ ചേർക്കും പ്രകാരം വ്യത്യാസമുണ്ട്.

| ഷെഡ്യൂൾ | ഹെഡ് കോഡ് | ഹെഡ് | തുക |
|---|---|---|---|
| I-6 | 160100628 | MGNREGS | 30629905 |
| I-14(c) | 253100101 | Total Poverty Alleviation | 30547244 |
| | | വ്യത്യാസം | 82661 |

പ്രസ്തുത വ്യത്യാസം ക്യാഷ് ബുക്ക് പ്രകാരമുള്ള Administrative ചെലവാണ്.

16)ക്യാഷ് ബുക്ക്, വാർഷിക ധനകാര്യ പത്രിക എന്നിവ പ്രകാരം Administrative വരവ് ചെലവുകളിലുള്ള വ്യത്യാസം ചുവടെ ചേർക്കുന്നു.

| | ക്യാഷ് ബുക്ക് പ്രകാരം | AFS പ്രകാരം | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 196544.45 | 196544 [RP-40(a)] | 0.45 |
| വരവ് | 631298 | 631298 (RP-30) | 0 |
| ആകെ | 827842.45 | 827842 | 0.45 |
| ചെലവ് | 82661.40 | 82608(RP-20) | 53 |
| നീക്കിയിരിപ്പ് | 745181.05 | 745181 [RP-40(b)]* | 0.05 |

*AFS പ്രകാരമുള്ള മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

17)ക്യാഷ് ബുക്ക് പ്രകാരം EFMS ചുവടെ ചേർക്കും പ്രകാരമാണ്.

| | |
|---|---|
| Unskilled | 28292000 |
| Skilled, Semi Skilled | 704244 |
| Material | 1551000 |
| Total | 30547244 |

EFMS സ്റ്റേറ്റ്മെന്റ് പ്രകാരം 305.5ലക്ഷം രൂപ ചെലവുണ്ട്.

ക്യാഷ് ബുക്ക് പ്രകാരം MGNREGSന്റെ വരവ് ചെലവുകൾ ചുവടെ ചേർക്കും പ്രകാരം കണക്കാക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 196544.45 | 631298 | 827842.45 | 82661.40 | 745181.05 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 30547244 | 30547244 | 30547244 | 0 |
| ആകെ | 196544.45 | 31178542 | 31375086.45 | 30629905.40 | 745181.05 |

വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 05/20.06.2022) മറുപടി ലഭ്യമാക്കിയില്ല.

അപാകങ്ങൾക്ക് വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

ILGMS- മായി ബന്ധപ്പെട്ട അപാകങ്ങളുടെ സംക്ഷിപ്തം .

പഞ്ചായത്തിന്റെ നിലവിൽ സാംഖ്യാ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിരുന്ന വാർഷിക ധനകാര്യ പത്രിക 05.09.20 തീയതി മുതൽ ILGMS എന്ന ഇന്റഗ്രേറ്റഡ് സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിരിക്കുകയാണ്. ഇന്റഗ്രേഷൻ നടത്തിയ തീയതിയിലെ CB-യും ILGMS-ൽ പ്രവേശിച്ച തീയതിയിലെ OB-യും (ട്രയൽ ബാലൻസ്) വിവിധ അക്കൗണ്ട് ഹെഡുകളുടെ പൊരുത്തവും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

1. 2019-20 ബാലൻസ് ഷീറ്റിലെ വിവിധ ക്ലോസിംഗ് ബാലൻസുകൾ തൻവർഷത്തെ ട്രയൽ ബാലൻസിൽ ഓപ്പണിംഗ് ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല. ഉദാ

2. വിവിധ അക്കൗണ്ട് ഹെഡുകൾ പൊരുത്തപ്പെടുന്നില്ല. 2019-20 ൽ സാഖ്യയിൽ നിലവിൽ ഉണ്ടായിരുന്ന ഹെഡുകൾ പലതും 2020-21 ൽ വ്യത്യാസപ്പെട്ടിരിക്കുന്നു. കൂടാതെ RP പ്രകാരം ചെലവിനങ്ങളുടെ ഹെഡുകളിലും ഹെഡുകൾ കൂടി ചേർത്തിട്ടുണ്ട്.

3. ഹെഡുകൾ പലതായി തരംതിരിക്കപ്പെട്ടിരിക്കുന്നു.

ഉദാ :- 2019-20 ലെ AFS പ്രകാരം B11 Fixed Assets എന്നത് -

B11 (C) Capital Expenses Production Sector

B11 (D) Capital Expenses Service Sector

B11 (E) Capital Expenses Infrastructure Sector

എന്നിങ്ങനെ മൂന്ന് സബ് ഷെഡ്യൂളുകളായി തിരിച്ചിരിക്കുന്നു. തുകകൾ പൊരുത്തപ്പെടുത്തുന്ന റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

4. 2019-20 B9 ഷെഡ്യൂളിൽ 320160999 എന്ന Head (Other Liabilities) B4-ലേക്ക് മാറിയിട്ടുണ്ട്. കാരണം വിശദീകരിച്ചിട്ടില്ല.

5. 2019-20 B17 ഷെഡ്യൂളിൽ വ്യത്യസ്ത Account Head-കളിൽ നിലനിന്നിരുന്ന ബാങ്ക് അക്കൗണ്ടുകൾ 2020-21-ലെ AFS-ൽ അക്കൗണ്ട് ഹെഡുകൾ മാറുകയും വ്യത്യസ്ത അക്കൗണ്ട് ഹെഡുകളിൽ നിലനിന്നിരുന്ന തുകകൾ ട്രയൽ ബാലൻസിൽ ഒരുമിച്ചും ബാലൻസ് ഷീറ്റിൽ ഒരേ ഹെഡിൽ തന്നെ പ്രത്യേകം സബ്ഹെഡുകളായി കാണിച്ചിരിക്കുന്നു. ആകെ തുക വ്യത്യാസപ്പെടുന്നില്ല.

6. 2019-20 ൽ നിലനിന്നിരുന്ന പല അക്കൗണ്ട് ഹെഡുകളും 2020-21 ൽ വ്യത്യാസപ്പെടുകയോ കൂട്ടിച്ചേർക്കപ്പെടുകയോ ചെയ്തിട്ടുണ്ട്.

അക്കൗണ്ട് ഹെഡുകളുമായി ബന്ധപ്പെട്ട മേൽപ്പറഞ്ഞ പൊരുത്തക്കേടുകൾ സ്ഥാപനത്തിന്റെ വാർഷിക ധനകാര്യ പത്രികയുടെ കൃത്യവും പൂർണവുമായ ഓഡിറ്റിന് തടസ്സമായിട്ടുണ്ട്. ഇ-സബ്മിറ്റ് ചെയ്യപ്പെട്ട അക്കൗണ്ട്സും ILGMS-ന്റെ Auditor Login-ൽ ലഭ്യമായ അക്കൗണ്ട്സും മുൻ വർഷത്തെ സാംഖ്യ അക്കൗണ്ട്സുമായി പൊരുത്തപ്പെടുത്തേണ്ടതാണ്. ഇക്കാര്യത്തിൽ IKM, ഭരണ വകുപ്പ് എന്നിവരിൽ നിന്നും നിർദ്ദേശങ്ങൾ തേടി പരിഹരിച്ച് ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-3 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഗ്രാന്റ് വിനിയോഗത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 22203501 | 22203501 | 20871965 | 1331536 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 17633509 | 17633509 | 18357881 | (-)724372 |
| വികസനഫണ്ട് (CFC Tied) | 0 | 7660000 | 7660000 | 4429250 | 3230750 |
| വികസനഫണ്ട് (CFC Untied) | 0 | 15404630 | 15404630 | 12566219 | 2838411 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 16403000 | 16403000 | 12980057 | 3422943 |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 0 | 6114523 | 6114523 | 6013254 | 101269 |
| CSS | 0 | 0 | 0 | 2724994 | (-)2724994 |
| SSS | 0 | 0 | 0 | 9714416 | (-)9714416 |

1)വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി) എന്നിവയുടെ ചെലവ് ACR, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം വ്യത്യാസമുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ACR പ്രകാരം | വ്യത്യാസം |
|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 20871965 | 18884714 | 1987251 |
| വികസനഫണ്ട് (എസ്.സി.പി) | 18357881 | 17610390 | 747491 |

സ്രോതസിൽ നിന്നും ഈടാക്കിയ തുക ജി.ഒ.പ്രോജക്ടായി ഏറ്റെടുത്തതിനാലാണ് വ്യത്യാസം കാണുന്നതെന്ന് വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 03/17.06.2022ന്റെ മറുപടി).

2)ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസനഫണ്ട്(എസ്.സി.പി), CSS, SSS ഫണ്ടുകളുടെ നീക്കിയിരിപ്പ് നെഗറ്റീവായതിന്റെ കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല.

## 1-4 പദ്ധതി അവലോകനം

എ)പ്രോജക്ട് നിർവ്വഹണം

2020-21 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ട് നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടുകൾ | | | | അടങ്കൽ | | |
|---|---|---|---|---|---|---|---|---|
| | | അംഗീകാരം | നടപ്പാക്കിയത് | നടപ്പിലാക്കാത്തത് | ശതമാനം | വകയിരുത്തൽ | ചെലവ് | ശതമാനം |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| I | കൃഷി ഓഫീസർ | 10 | 10 | 0 | 100 | 7528139 | 6930642 | 92 |
| Ii | വെറ്റിനറി സർജൻ | 17 | 16 | 1 | 94 | 4015935 | 2999326 | 75 |
| Iii | മെഡിക്കൽ ഓഫീസർ - FHC | 9 | 9 | 0 | 100 | 558457 | 4466035 | 80 |
| Iv | മെഡിക്കൽ ഓഫീസർ - ഹോമിയോ | 1 | 1 | 0 | 100 | 250000 | 250000 | 100 |
| V | മെഡിക്കൽ ഓഫീസർ - ആയുർവേദം | 1 | 1 | 0 | 100 | 600000 | 600000 | 100 |
| Vi | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 27 | 19 | 8 | 70 | 117019221 | 37926419 | 32 |
| Vii | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 11 | 9 | 2 | 82 | 5465463 | 4763887 | 87 |
| Viii | സെക്രട്ടറി | 34 | 24 | 10 | 71 | 14535723 | 11653418 | 80 |
| Ix | എച്ച്.എം. | 3 | 1 | 2 | 33 | 1560000 | 1494915 | 96 |
| X | അസിസ്റ്റന്റ് എഞ്ചിനീയർ | 84 | 55 | 29 | 65 | 39739208 | 24628122 | 62 |
| Xi | ഡയറിഫാം ഇൻസ്ട്രക്ടർ | 2 | 2 | 0 | 100 | 1700000 | 1417865 | 83 |
| Xii | അസിസ്റ്റന്റ് സെക്രട്ടറി | 14 | 12 | 2 | 86 | 4021813 | 3480113 | 87 |
| Xiii | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 0 | 100 | 299840 | 192867 | 64 |
| ആകെ | | 215 | 161 | 54 | 75 | 197293799 | 100803609 | 51 |

1) ആകെ വകയിരുത്തിയതിന്റെ 51 ശതമാനം മാത്രമാണ് ചെലവഴിച്ചത്.

2)എ)വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ അംഗീകാരം വാങ്ങിയ 27 പ്രോജക്ടുകളിൽ 19 എണ്ണം നടപ്പാക്കുകയും ആകെ വകയിരുത്തിയ ഫണ്ടിന്റെ 32 ശതമാനം മാത്രം ചെലവഴിക്കുകയും ചെയ്തു.

ബി)ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ 299840 രൂപ അടങ്കൽ വകയിരുത്തിയതിൽ 192867രൂപ മാത്രമാണ് ചെലവഴിച്ചത് (64%).

സി)അസിസ്റ്റന്റ് എഞ്ചിനീയർ അംഗീകാരം വാങ്ങിയ 84 പ്രോജക്ടുകളിൽ 29 എണ്ണം നടപ്പാക്കിയില്ല. വകയിരുത്തിയ ഫണ്ടിന്റെ 62 ശതമാനം മാത്രമാണ് ചെലവഴിച്ചത്.

3)തൻ വർഷം സ്പിൽ ഓവറായി നടപ്പാക്കാൻ അംഗീകാരം വാങ്ങിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ നടപ്പാക്കിയില്ല.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|
| I | SO212/21 | ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| Ii | SO211/21 | മിനി കമ്മ്യൂണിറ്റി ഹാളിലേക്കും പഞ്ചായത്ത് ഓഫീസിലേക്കും ഫർണിച്ചർ വാങ്ങൽ | സെക്രട്ടറി |
| Iii | SO233/21 | ലൈഫ് പദ്ധതി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| Iv | SO202/21 | കിണർ റീചാർജിംഗ് (ജനറൽ) | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| V | SO213/21 | സ്കൂൾ മെയിന്റനൻസ് | അസിസ്റ്റന്റ് എഞ്ചിനീയർ |

| | | | |
|---|---|---|---|
| Vi | SO218/21 | പോങ്ങുവിള ഊറ്റുകുഴി വട്ടപ്പാമൂട് റോഡ് പാർശ്വഭിത്തി നിർമ്മാണവും ഐറിഷ് ഡ്രയിനേജ് ഓട നിർമ്മാണവും | അസിസ്റ്റന്റ് എഞ്ചിനീയർ |
| Vii | SO225/21 | ചാവടിമുക്ക് കാർഷിക വിപണനകേന്ദ്രം നിർമ്മാണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| Viii | SO227/21 | കുന്നത്തുവാതുക്കൽ പറപ്പക്കുളം റോഡ് സൈഡ് വാൾ കെട്ടൽ | അസിസ്റ്റന്റ് എഞ്ചിനീയർ |
| Ix | SO228/21 | സ്കൂളുകളിൽ ശൌചാലയം നിർമ്മാണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| X | SO229/21 | ചാവടിമുക്ക് ടി.വി. പാർക്ക് നവീകരണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| Xi | SO232/21 | വിവിധ വാർഡുകളിൽ മിനി എം.സി.എഫും പെറ്റ് ബോട്ടിൽ കളക്ഷൻ യൂണിറ്റുകളും സ്ഥാപിക്കൽ – രണ്ടാം ഘട്ടം | അസിസ്റ്റന്റ് എഞ്ചിനീയർ |

പ്രാദേശികമായ പ്രശ്നങ്ങൾ, ഫണ്ടിന്റെ അപര്യാപ്തത, കരാറുകാരുടെ പങ്കാളിത്തമില്ലായ്മ എന്നിവയാണ് സ്പിൽ ഓവർ പ്രവൃത്തികൾ നടപ്പാക്കാത്തതിന് കാരണമായി അസിസ്റ്റന്റ് എഞ്ചിനീയർ വിശദീകരിച്ചിട്ടുള്ളത് (ഓഡിറ്റ് എൻക്വയറി നമ്പർ 01/17.06.2022ന്റെ മറുപടി).

ബി)പദ്ധതി ആസൂത്രണം

2020-21 വർഷത്തെ പദ്ധതി രേഖയുടെ പകർപ്പ് മാത്രമാണ് ലഭ്യമാക്കിയത്. വികസന രേഖ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

ആസൂത്രണ സമിതി

പദ്ധതി മാർഗരേഖ [സ.ഉ.(കൈ)നമ്പർ 11/2018 തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 3.11 പ്രകാരം പഞ്ച വത്സര പദ്ധതിയിൽ ആദ്യവർഷം രൂപീകരിച്ചതും നിലവിലുള്ളതുമായ ആസൂത്രണ സമിതി ആവശ്യമെങ്കിൽ പുനഃ സംഘടിപ്പിക്കേണ്ടതാണെന്നുണ്ട്. ആസൂത്രണ നിർവ്വഹണ പ്രക്രിയയിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നിവ ഏകോപിപ്പിക്കുന്നതിനും ഭരണസമിതിയെ സഹായിക്കുകയെന്ന പ്രധാന ചുമതല ആസൂത്രണസമിതിയിൽ നിക്ഷിപ്തമാണ്. സ്ഥാപനത്തിന്റെ ദീർഘകാല വികസന പരിപ്രേഷ്യത്തിന് രൂപം നൽകുന്നതിൽ ഭരണസമിതിയേയും വർക്കിംഗ് ഗ്രൂപ്പുകളേയും സഹായിക്കുക, പദ്ധതി ആസൂത്രണത്തിനും പദ്ധതിയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണ സമിതിയ്ക്ക് റിപ്പോർട്ട് നൽകുക തുടങ്ങിയ നിരവധി ചുമതലകൾ ആസൂത്രണ സമിതി നിർവ്വഹിക്കേണ്ടതായിട്ടുണ്ട്.

എ)2020-21 വർഷത്തെ പദ്ധതി രൂപീകരണത്തിന് മുൻപായി ആസൂത്രണസമിതി പുനഃ സംഘടിപ്പിച്ചിട്ടില്ല( ഓഡിറ്റ് എൻക്വയറി നമ്പർ 30/ 24.06.2022).

ബി)2020-21 വർഷത്തെ പദ്ധതി രൂപീകരണത്തിനായി ആസൂത്രണ സമിതി 03.03.2020ന് മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്.

വികസന സെമിനാർ

2020-21 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 10.03.2020ന് നടന്ന വികസന സെമിനാറിൽ 122 പേർ പങ്കെടുത്തു. എന്നാൽ സെമിനാറിലെ നടപടിക്രമങ്ങൾ മിനിട്സ് ചെയ്തിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പ്

സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 ഖണ്ഡിക 3.1.2 പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പ് വരുത്തുക, അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്. എന്നാൽ, ഗ്രാമപഞ്ചായത്തിൽ, ഭൂരിഭാഗം വർക്കിംഗ് ഗ്രൂപ്പുകളും പ്രോജക്ടുകൾ നിർദ്ദേശിക്കുക മാത്രമാണുണ്ടായത്.

വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന ചുവടെ ചേർക്കുന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ നിർദ്ദേശങ്ങൾ നടപ്പാക്കാനായില്ല.

| വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം |
|---|---|---|
| സാമൂഹ്യ നീതി | 04.01.2020 | വാടകയ്ക്ക് പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് സ്ഥലം കണ്ടെത്തുക.<br>സ്വന്തമായി സ്ഥലമുള്ളവയ്ക്ക് പുതിയ കെട്ടിടം.<br>ജാഗ്രത സമിതി പ്രവർത്തനം മെച്ചപ്പെടുത്തുക |

സ്റ്റാറ്റസ് റിപ്പോർട്ട്

പരിശോധനയ്ക്ക് ലഭ്യമാക്കിയ സ്റ്റാറ്റസ് റിപ്പോർട്ടിൽ (കാലികമാക്കിയതാണോയെന്ന് വ്യക്തമല്ല) പ്രതിപാദിച്ചിട്ടുള്ള ചുവടെ ചേർക്കുന്ന പ്രശ്നങ്ങൾക്കുള്ള പരിഹാര നിർദ്ദേശങ്ങൾ നടപ്പാക്കിയിട്ടില്ല.

| ക്രമ നമ്പർ | മേഖല | തീവ്രത | പ്രശ്നം |
|---|---|---|---|
| I | പൊതുഭരണവും ധനകാര്യവും | അതീവ ഗുരുതരം | സ്റ്റാഫ് പാറ്റേണിലെ കുറവ് |
| Ii | കൃഷി | അതീവ ഗുരുതരം | ജല ദൗർലഭ്യം<br>മണ്ണ് സംരക്ഷണം |
| Iii | ദാരിദ്ര്യ ലഘൂകരണം | അതീവ ഗുരുതരം | ഭൂമിയുടെ ഉയർന്ന വില കാരണം ഭൂമി കണ്ടെത്തുന്നതിനുള്ള തടസ്സം |
| Iv | സാമൂഹ്യ നീതി | അതീവ ഗുരുതരം | ക്ഷേമ പ്രവർത്തനങ്ങളെ കുറിച്ചുള്ള അറിവില്ലായ്മ |

## 1-5 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 58680 | 82 |
| കർഷകതൊഴിലാളി പെൻഷൻ | 3243400 | 220 |
| വിധവാപെൻഷൻ | 21663500 | 1527 |
| വാർദ്ധക്യകാലപെൻഷൻ | 44718900 | 3382 |
| വികലാംഗപെൻഷൻ | 7143100 | 473 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 150000 | 5 |
| അവിവാഹിതരായ 50 വയസിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 301300 | 23 |

ക്ഷേമ പദ്ധതികളുടെ ചെലവ് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ഉപ ഖണ്ഡികകളായി ഉൾപ്പെടുത്തിയിട്ടുണ്ട്.

### 1-5-1 മരണശേഷവും പെൻഷൻ നൽകി

പഞ്ചായത്ത് ലഭ്യമാക്കിയ 2020-21 വർഷത്തെ മരണറിപ്പോർട്ടിലെ പെൻഷൻ ഐ ഡി, ആധാർ നമ്പർ എന്നിവ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പേര് | പെൻഷണർ ഐ ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | നിലവിലെ സ്റ്റാറ്റസ് | അനർ ഹമായി പെൻഷൻ വിതരണം ചെയ്ത കാലയളവ് | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| കുഞ്ഞുകൃഷ്ണൻ ഉണ്ണിത്താൻ | 102250200249 | വാർദ്ധക്യകാല പെൻഷൻ | 18.06.2020 | ആക്ടീവ് | 07/20 മുതൽ 06/22 വരെ | 34300 (1500x9)+(1600x13) |
| അബ്ദുൽ സമദ് | 10225020149 | വാർദ്ധക്യകാല പെൻഷൻ | 07.07.2020 | സസ്പെന്റ് | 08/20 മുതൽ 10/20 വരെ | 5500 (1300x1)+(1400x3) |

| | | | | | | |
|---|---|---|---|---|---|---|
| ഗിരിജ | 102250300270 | വികലാംഗ പെൻഷൻ | 30.08.2020 | ആക്ടീവ് | 09/20 മുതൽ 05/22 വരെ | 32500 (1400x4)(1500x3)+ (1600x14) |
| ശിവദാസൻ | 102250201710 | വാർദ്ധക്യകാല പെൻഷൻ | 08.08.2020 | ആക്ടീവ് | 09/20 മുതൽ 05/22 വരെ | 32500 (1400x4)+ (1500x3)+ (1600x14) |
| സരസ്വതി അമ്മാൾ | 102250100191 | കർഷക തൊഴിലാളി പെൻഷൻ | 02.08.2020 | സസ്പെന്റ് | 09/20 മുതൽ 01/21 വരെ | 7100 (1400x4)+(1500x1) |
| മാധവി അമ്മ | 102250202980 | വാർദ്ധക്യകാല പെൻഷൻ | 12.08.2020 | സസ്പെന്റ് | 09/20 മുതൽ 06/21 വരെ | 13800 (1500x6)+(1600x3) |
| സരസ്വതി | 102250200571 | വാർദ്ധക്യകാല പെൻഷൻ | 27.07.2020 | ആക്ടീവ് | 08/20 മുതൽ 05/22 വരെ | 34400 (1500x8)+(1600x14) |
| യഹിയ | 102250200742 | വാർദ്ധക്യകാല പെൻഷൻ | 20.09.2020 | സസ്പെന്റ് | 10/20 മുതൽ 01/22 വരെ | 25000 (1500x6)+(1600x10) |

മരണശേഷവും പെൻഷൻ ട്രാൻസ്ഫർ ചെയ്യപ്പെട്ടിട്ടുള്ള ഗുണഭോക്താക്കളുടെ പെൻഷൻ തുക ആയത് കൈപ്പറ്റിയ അവകാശികളിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 32/24.06.2022ന്റെ മറുപടി).

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക, പിൻവലിച്ചിട്ടുണ്ടോ എന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയ പല മരണറിപ്പോർട്ടുകളിലും ആധാർ കാർഡിന്റെ പകർപ്പ് ലഭ്യമല്ലാത്തിനാൽ 2020-21 വർഷം മരണപ്പെട്ട എല്ലാ പെൻഷൻ ഗുണഭോക്താക്കളുടേയും വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. ചെമ്മരുതി ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യുകയും മരണസർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവരുടെ വിവരം മാത്രമാണ് ലഭ്യമായിട്ടുള്ളത്.

പെൻഷൻ വിതരണം സംബന്ധിച്ച് സമഗ്രമായ പരിശോധന നടത്തി പരാമർശിക്കപ്പെട്ട അപാകം കണ്ടെത്തി നടപടികൾ സ്വീകരിച്ച് വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-5-2 സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ സാമൂഹ്യസുരക്ഷാ പെൻഷനുകൾ കൈപ്പറ്റി

സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കൈപ്പറ്റിയിട്ടുള്ളതായി പഞ്ചായത്ത് ഡയറക്ടറുടെ എഡിപി-ടിവിഎം/711/2020-പിഎ2 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. അപ്രകാരം അനർഹമായി പെൻഷൻ കൈപ്പറ്റിയവരുടെയും സ്വീകരിച്ച നടപടിയുടെയും വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പെൻഷൻ ഐ.ഡി. | പേര് | പെൻഷൻ |
|---|---|---|---|
| 1 | വാസന്തി | 102250201408 | വാർദ്ധക്യകാല പെൻഷൻ |
| 2 | വിമല | 102250201754 | വാർദ്ധക്യകാല പെൻഷൻ |
| 3 | ലളിത | 102250202382 | വാർദ്ധക്യകാല പെൻഷൻ |

| | | | |
|---|---|---|---|
| 4 | രാധാമണി | 102250202988 | വാർദ്ധക്യകാല പെൻഷൻ |
| 5 | പ്രസാദ് | 102250300029 | വികലാംഗ പെൻഷൻ |
| 6 | പ്രേമലത | 102250400079 | വികലാംഗ പെൻഷൻ |
| 7 | വസന്തകുമാരി | 102250601239 | വിധവ പെൻഷൻ |
| 8 | രാജമ്മ വാമദേവൻ | 102250601251 | വിധവ പെൻഷൻ |
| 9 | ശാന്ത | 102250601317 | വിധവ പെൻഷൻ |
| 10 | മഞ്ജു | 102250601455 | വിധവ പെൻഷൻ |

വാസന്തി, വസന്തകുമാരി എന്നിവർ തുക തിരികെ അടച്ചിട്ടുണ്ടെന്നും തുക തിരികെ അടവാക്കാത്ത ഗുണഭോക്താക്കളിൽ നിന്നും ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 20/23.06.2022ന്റെ മറുപടി).

സർക്കാരിന്റെ 07/2020/ധന തീയതി 23.1.2020, 14/21/ധന 8.2.2021 എന്നീ സർക്കുലറുകൾ പ്രകാരം അനർഹമായി കൈപ്പറ്റിയ തുകകൾ വ്യക്തികൾ സർക്കാരിലേക്ക് തിരികെ അടവാക്കേണ്ടതാണ്. ഒടുക്കാൻ ബാക്കിയുള്ള തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. പെൻഷൻ അപേക്ഷകളിന്മേൽ കൃത്യമായ അന്വേഷണം നടത്തി അർഹരായവർക്ക് മാത്രം അനുവദിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.06.2022, 3PMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4173 രൂപ ക്യാഷ് ബാലൻസുള്ളതായി ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

1)ഓഫീസ് ഉത്തരവ് മുഖേന ജോലിവിഭജനം കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ സ്റ്റാഫ് മീറ്റിംഗുകൾ നടത്തുന്നുണ്ട്. റിവ്യൂ മീറ്റിംഗുകൾ പ്രത്യേകമായി നടത്തിയിട്ടില്ല. മുൻ മീറ്റിംഗുകളിലെ തുടർ നടപടികൾ തൊട്ടടുത്ത സ്റ്റാഫ് മീറ്റിംഗിൽ ചർച്ച ചെയ്ത് റിവ്യൂ ചെയ്യാറുണ്ടെന്ന് വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 35/24.06.2022ന്റെ മറുപടി).

2) 2004ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം മൂന്നാം ചട്ട പ്രകാരം തയ്യാറാക്കിയതും നാലാം ചട്ടപ്രകാരം പ്രസിദ്ധീകരിച്ചതുമായ പൗരാവകാശരേഖ വർഷത്തിലൊരിക്കൽ പഞ്ചായത്ത് ചർച്ച ചെയ്ത് പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതാണ്. 2022 വർഷത്തെ പൗരാവകാശരേഖ പൊതുജനങ്ങൾക്ക് പരിശോധിക്കുന്നതിനായി ഘടക സ്ഥാപനങ്ങൾ, ലൈബ്രറി എന്നിവിടങ്ങളിലും ഫ്രണ്ട് ഓഫീസിലും നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

3)ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി സ.ഉ(കൈ) നം 123/2009/തസ്വഭവ തീയതി 02.07.2009 പ്രകാരം സർക്കാർ വിശദമായ മാർഗരേഖ പുറപ്പെടുവിച്ചിട്ടുള്ളതിൽ ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിട്ടില്ല.

എ) സൗജന്യമായും വില ഈടാക്കിയും നൽകുന്ന വിവിധ ഫോറങ്ങൾ ഫ്രണ്ട് ഓഫീസ് വഴി വിതരണം ചെയ്യുന്നതിന്റെ വിശദാംശങ്ങൾ അനുബന്ധം 5 മാതൃകയിലുള്ള ഫോറം വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തണം.

ബി) സൗജന്യമായി വിതരണം ചെയ്യുന്ന ഫോറങ്ങളുടെ വിവരം ഫ്രണ്ട് ഓഫീസിൽ എഴുതി പ്രദർശിപ്പിക്കണം.

4)ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്നു എന്നുറപ്പു വരുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായി മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടുണ്ട്.

5)ഗുണഭോക്താക്കൾ മരണപ്പെട്ടതിനുശേഷവും സാമൂഹ്യക്ഷേമ പെൻഷൻ വിതരണം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

6)ലൈസൻസ്, വസ്തുനികുതി എന്നിവയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ പരിഹരിക്കുന്നതിനും ആവർത്തിക്കാതിരിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

7)പ്രത്യേക കന്നുകുട്ടി പരിപാലനത്തിനായി നൽകിയ തുകയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

8)ലൈഫ് ഭവന പദ്ധതിയിൽ അർഹമായതിലും അധികം തുക നൽകിയത് ഗുരുതരമായി വീക്ഷിക്കുന്നു.

9)2020-21ൽ ഫൈനൽ ബിൽ നൽകിയ എം.സി.എഫ്, പദ്ധതിക്കായി 2021-22ൽ വീണ്ടും പദ്ധതി രൂപീകരിച്ചതും നല്കിയ ചെക്ക് സംബന്ധിച്ച അവ്യക്തതയും വിശദമായ മറുപടി ആവശ്യമാണ്.

## 1-8 തൊഴിലുറപ്പ് പദ്ധതി

വാർഷിക ധനകാര്യ പത്രിക, MGNREGS ക്യാഷ് ബുക്ക് EFMS സ്റ്റേറ്റ്മെന്റ് എന്നിവയിലെ തുകകളിൽ പൊരുത്തക്കേടുകളുണ്ട്. വിശദാംശം ഖ- 1-2-1ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ക്യാഷ് ബുക്ക് പ്രകാരം MGNREGSന്റെ വരവ് ചെലവുകൾ ചുവടെ ചേർക്കും പ്രകാരം കണക്കാക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 196544.45 | 631298 | 827842.45 | 82661.40 | 745181.05 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 30547244 | 30547244 | 30547244 | 0 |
| ആകെ | 196544.45 | 31178542 | 31375086.45 | 30629905.40 | 745181.05 |

## 1-8-1 കൃഷിക്കാവശ്യമായ കുളത്തിന്റെ നിർമ്മാണം - സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല

| | |
|---|---|
| വർക്ക് കോഡ് | 1614010001/IF/532172 |
| പ്രവൃത്തിയുടെ പേര് | കൃഷിക്കാവശ്യമായ കുളത്തിന്റെ നിർമ്മാണം |
| എം.ബുക്ക് നം | 36/2020-21 |
| അടങ്കൽ തുക | 28000/- |
| ചെലവ് തുക | 23280/- |

സുഭിക്ഷ കേരളം പദ്ധതി പ്രകാരം നടപ്പാക്കിയ മേൽ പ്രവൃത്തിയിൽ ശ്രീ.ഹരിലാൽ, പണ്ടുവിള വീട്,ചെമ്മരുതി എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്താണ് കുളം നിർമ്മിച്ചിട്ടുള്ളത്. അപേക്ഷയോടൊപ്പം സമർപ്പിച്ച റേഷൻ കാർഡ് പ്രകാരം ശ്രീ.ഹരിലാൽ സംസ്ഥാന സർക്കാർ ജീവനക്കാരനാണ് (നിലവിൽ വിരമിച്ചു) . എം.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ 2020-21 ,സുഭിക്ഷ കേരളം അധിക മാർഗ നിർദ്ദേശങ്ങൾ(എം.എൻ.ആർ.ഇ.ജി.എസ് ജോയിന്റ് പ്രോഗ്രാം കോർഡിനേറ്ററുടെ 12.06.2020 ലെ എ3/519 /2020/എം.ജി.എൻ.ആർ.ഇ.ജി.എസ്) എന്നിവ പ്രകാരം സ്വകാര്യ ഭൂമിയിൽ പ്രവൃത്തി ഏറ്റെടുക്കുമ്പോൾ ഗുണഭോക്തൃകുടംബം തൊഴിലുറപ്പ് നിയമത്തിന്റെ ഒന്നാം പട്ടികയുടെ അഞ്ചാം ഖണ്ഡികയിൽ പരാമർശിക്കുന്ന പാർശ്വവൽകൃത വിഭാഗത്തിൽപ്പെട്ടവർ ആയിരിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ കുടംബത്തിലെ ഒരംഗം ആ പ്രവൃത്തിയിൽ അവിദഗ്ധ കായിക തൊഴിലിൽ ഏർപ്പിട്ടിരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത വിഭാഗത്തിൽ ഉൾപ്പെടാത്ത വ്യക്തിയുടെ ഭൂമിയിലെ വികസന പ്രവർത്തനങ്ങൾക്കാണ് തൊഴിലുറപ്പ് പദ്ധതി ഫണ്ട് ഉപയോഗിച്ചത്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് 52/27.06.2022 ന് ലഭിച്ച മറുപടിയിൽ ഫിഷറീസ് വകുപ്പിൽ നിന്നും ലഭിച്ച സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയത് എന്നാണ് അറിയിച്ചിട്ടുള്ളത്. സർക്കാർ ഉത്തരവുകൾക്കും മാനദണ്ഡങ്ങൾക്കും വിരുദ്ധമായി തൊഴിലുറപ്പ് ഫണ്ട് ഉപയോഗിച്ചത് വീഴ്ചയാണ്. തൊഴിലുറപ്പ് നിയമത്തിലെ വ്യവസ്ഥകൾ കർശനമായും പാലിച്ച് പദ്ധതി നടപ്പാക്കേണ്ടതും ഭാവിയിൽ അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.01.2022 മുതൽ 31.01.2022 വരെ | 01.01.2021 മുതൽ 31.01.2021 വരെ | 18.02.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05.11.2016 മുതൽ 19.11.2016 വരെ | 2011-12 മുതൽ 2015-16 വരെ | 28.12.2016 |

## 1-10 ലൈസൻസ് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച് കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഓ(പി).നം.80/2017/ത.സ്വ.ഭ.വ എസ്.ആർ.ഒ.നം.674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം പ്രകാരം മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ വിവിധ തട്ടുകളായി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ചാണ് ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. എന്നാൽ ലൈസൻസിനായി സമർപ്പിച്ച അപേക്ഷകൾ പരിശോധിച്ചതിൽ, ഭൂരിഭാഗം അപേക്ഷകളിലും മൂലധനനിക്ഷേപത്തിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല

2)രജിസ്റ്റർ പ്രകാരം 2019-20 വർഷം 315 സ്ഥാപനങ്ങൾക്ക് ലൈസൻസ് നല്കിയിട്ടുണ്ട് . എന്നാൽ 2020-21 വർഷം 262 സ്ഥാപനങ്ങൾക്ക് മാത്രമേ ലൈസൻസ് നല്കിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളൂ.

3) ലൈസൻസ് നല്കപ്പെട്ട താഴെപ്പറയുന്ന സ്ഥാപനങ്ങൾ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

| ക്രമ നമ്പർ | വാർഡ് നമ്പർ | ഉടമയുടെ പേര് | വ്യാപാരസ്ഥാപനം |
|---|---|---|---|
| 1 | 18/246 A | സിയാദ് എം | കശുവണ്ടി ഫാക്ടറി |
| 2 | 13/450 | ഷെർലി | ഫോട്ടോസ്റ്റാറ്റ് &ഓൺലൈൻ സർവീസ് |
| 3 | 11/525 B | ബീഗം ഷാമില ഗഫൂർ | പേപ്പർ ബാഗ് നിർമാണ സ്ഥാപനം |
| 4 | 13/450 E | സുപ്രസാദ് | ബാർബർ ഷോപ്പ് |
| 5 | 12/39 | ഷാജഹാൻ | റേഷൻ കട |
| 6 | 5/243 | രത്നലത . ബി | സ്റ്റേഷനറി കട |
| 7 | 6/479 | ദീപു. എസ് | അലുമിനിയം ഫേബ്രിക്കേഷൻ |
| 8 | 9/485<br>9/486 | രാജൻ ചെട്ടിയാർ | സ്റ്റേഷനറി പലചരക്ക് കട |
| 9 | 5/462 A | മുരളീധരൻ | പലചരക്ക് കട |
| 10 | 12/343 | ഷാനവാസ് | സ്റ്റേഷനറി കട |
| 11 | 3/95 D | മോട്ടിലാൽ ശ്യാം | പലചരക്ക് കട |
| 12 | /764 | അജയകുമാർ | തുണിക്കട |
| 13 | 12/262 A | ജയരാജ് എ എസ് | സാനിട്ടറി ഫിറ്റിങ്സ് |
| 14 | 17/49 | സുബൈർ കുഞ്ഞ് | പലചരക്ക് കട |

4)ലഭ്യമാക്കിയ 2019-20, 2020-21വർഷങ്ങളിലെ ലൈസൻസ് രജിസ്റ്ററുകളിലെ 5, 11 എന്നീ വാർഡുകളിലെ സ്ഥാപനങ്ങൾ മാത്രം പരിശോധിച്ചതിൽ 2019-20ൽ ലൈസൻസ് എടുത്ത ചുവടെപ്പറയുന്ന സ്ഥാപനങ്ങൾ 2020-21 വർഷം ലൈസൻസ് പുതുക്കിയിട്ടില്ല.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമയുടെ പേര് | വ്യാപാര സ്ഥാപനം |
|---|---|---|---|
| 1 | 11/171 F | ജയകുമാർ | റബർ വ്യാപാരം നടത്തുന്നതിന് |
| 2 | 11/322 | അബ്ദുൽ നാസർ | ബെഡ് വില്പന |
| 3 | 11/348 | ആൽഫിയൻ | ഹോമിയോ ക്ലിനിക് |
| 4 | 5/625 5/626 | സിറാജുദ്ദീൻ | സ്റ്റേഷനറി കട |
| 5 | 5/243 | രത്നലത | സ്റ്റേഷനറി കട |
| 6 | 5/259 | ഷൈൻ എ | സ്റ്റേഷനറി കട |
| 7 | 5/61 | സുധൻ ജി | സ്റ്റേഷനറി കട |
| 8 | 5/499 | ദിജു എസ് | അച്ചാർ നിർമാണം വില്പന |
| 9 | 5/437 | ഗിരിദേവ് | സ്റ്റേഷനറി കട |
| 10 | 5/583 | ശ്യാമള | പൌൾട്രി ഫാം |

5) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 254 , കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ലൈസൻസ് കൂടാതെ നായകളെ വളർത്താൻ പാടില്ല. സ്റ്റാറ്റസ് റിപ്പോർട്ടിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ 1892 നായകൾ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 10 വളർത്തു നായകൾക്ക് മാത്രമാണ് 2020-21 വർഷത്തേയ്ക്ക് ലൈസൻസ് നൽകിയിട്ടുള്ളത്.

6) കേരള പഞ്ചായത്ത് രാജ് നിയമം 1994 - വകുപ്പ് 232, 2012ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ - ചട്ടം 3 എന്നിവ പ്രകാരം ലൈവ്സ്റ്റോക്ക് ഫാമുകൾ സ്ഥാപിക്കുന്നതിനും

നടത്തിക്കൊണ്ടുപോകുന്നതിനും ലൈസൻസ് എടുക്കേണ്ടതുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം പഞ്ചായത്തിന്റെ പരിധിയിൽ താഴെപ്പറയുന്ന ലൈവ്സ്റ്റോക്ക് ഫാമുകൾ പ്രവർത്തിക്കുന്നുണ്ട്.

| ക്രമ നമ്പർ | ഇനം | എണ്ണം |
|---|---|---|
| 1 | ഡയറി ഫാം | 2 |
| 2 | ഗോട്ട് ഫാം | 3 |
| 3 | ഇറച്ചിക്കോഴി | 3 |
| 4 | മുട്ടക്കോഴി | 2 |

മേൽ പറഞ്ഞ 10 ലൈവ്സ്റ്റോക്ക് ഫാമുകളിൽ നിന്നും 2 ഫാമുകൾക്ക് മാത്രമാണ് 2020- 21 വർഷത്തിൽ ലൈസൻസ് പുതുക്കി നല്കിയത്.

7) 1994 -ലെ കേരള പഞ്ചായത്ത് രാജ് ആക്ട് , വകുപ്പ് 270,271, 1997 -ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ , ചട്ടം 3(1) പ്രകാരം രജിസ്ട്രേഷൻ ഇല്ലാതെ ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കാൻ പാടില്ല. കൂടാതെ ചട്ടം3(2) പ്രകാരം സ്വകാര്യ ആശുപത്രിയോ പാരാമെഡിക്കൽ സ്ഥാപനമോ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ, ഫോറം 1-ൽ സമർപ്പിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. 2019-20 വർഷം സ്വകാര്യ ആശുപത്രി, പാരാമെഡിക്കൽ രജിസ്ട്രേഷൻ അനുവദിച്ച, താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് 2020-21 വർഷം രജിസ്ട്രേഷൻ പുതുക്കി നൽകിയിട്ടില്ല.

| ക്രമ നമ്പർ | കെട്ടിട നമ്പർ | സ്ഥാപനം |
|---|---|---|
| 1 | 11/348 | ഹോമിയോ സ്പെഷ്യാലിറ്റി ക്ലിനിക് |
| 2 | 18/630 A | സ്വാസ്തിക് ആയുർവേദ ക്ലിനിക് |
| 3 | - | ദാസ് ഡെന്തൽ കെയർ |
| 4 | 4/446 | M.V.M ക്ലിനിക് |

വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 53/27.06.2022) മറുപടി ലഭ്യമാക്കിയില്ല.

വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-11 വസ്തു നികുതി -വിവിധ അപാകങ്ങൾ

1)നികുതി ഡിമാന്റ് ചെയ്തിട്ടില്ല .

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. സഞ്ചയ സോഫ്റ്റ് വെയറിൽ ഗ്രാമപഞ്ചായത്തിലെ 17,18,19 എന്നീ വാർഡുകൾ മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നാളിതുവരെ ഡിമാന്റ് ചെയ്യുകയോ വസ്തു നികുതി പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല.(ഡിമാന്റ് തുക 0)

| ക്രമ നം | വാർഡ്/കെട്ടിട.നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം |
|---|---|---|---|---|
| 1 | 19/79 | മുരളി | പാർപ്പിടം | 83 $M^2$ |
| 2 | 19/84 | ഹരിദാസ് | പാർപ്പിടം | 125 $M^2$ |
| 3 | 19/106 | മോഹൻലാൽ | പാർപ്പിടം | 72 $M^2$ |
| 4 | 19/107 / | ഉണ്ണി | പാർപ്പിടം | 80 $M^2$ |
| 5 | 19/193 | കാഞ്ചന | പാർപ്പിടം | 97.5 $M^2$ |
| 6 | 19/275 | സാവിത്രി | പാർപ്പിടം | 72 $M^2$ |
| 7 | 19/319 C | ചിത്രാംഗദൻ | പാർപ്പിടം | 75.6 $M^2$ |
| 8 | 18/250 | ജനാർദ്ധനൻ | പാർപ്പിടം | 80 $M^2$ |
| 9 | 18/284 | ദാമോദരൻ | പാർപ്പിടം | 72 $M^2$ |
| 10 | 18/403 | ശശാങ്കൻ | പാർപ്പിടം | 90 $M^2$ |
| 11 | 18/607 | സാലി | പാർപ്പിടം | 63 $M^2$ |
| 12 | 17/170 | അബ്ദുൾ കരീം | പാർപ്പിടം | 81 $M^2$ |

| | | | | |
|---|---|---|---|---|
| 13 | 17/236 | സഫിയ ഉമ്മാൾ | പാർപ്പിടം | 63 $M^2$ |
| 14 | 17/495 | ഗോപിനാഥൻ | പാർപ്പിടം | 103 $M^2$ |
| 15 | 17/499 | വിമലാദേവി | പാർപ്പിടം | 65 $M^2$ |
| 16 | 17/567 | ജ്യോതിബസ് | പാർപ്പിടം | 79 $M^2$ |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 38/25.06.2022 ന് ലഭിച്ച മറുപടിയിൽ സ്ഥലപരിശോധന നടത്തി അപാകങ്ങൾ പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് മേൽ സൂചിപ്പിച്ച പ്രകാരമുള്ള അപാകങ്ങൾ പരിശോധിക്കേണ്ടതും പ്രസ്തുത കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണയിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

2)നികുതി ഡിമാന്റ് ചെയ്യാതെ വസ്തു നികുതി പിരിച്ചെടുത്തു

സഞ്ചയ സോഫ്റ്റ് വെയറിൽ ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് ചെയ്യാതെ നികുതി പരിച്ചെടുത്തതായും അഡ്വാൻസ് ഇനത്തിൽ തുക നില നിൽക്കുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്(ഡിമാന്റ് തുക 0). വിശദാംശം ചുവടെ.

| ക്രമ നം | വാർഡ്/കെട്ടിട.നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം | നാളിതുവരെ പിരിച്ചെടുത്ത തുക |
|---|---|---|---|---|---|
| 1 | 1/671 | സുജാ രാജേന്ദ്രൻ | പാർപ്പിടം | 136 $M^2$ | 1203 |
| 2 | 2/176 | വിലാസിനി | പാർപ്പിടം | 80 $M^2$ | 705 |
| 3 | 3/93 | സുരേന്ദ്രൻ | പാർപ്പിടം | 62 $M^2$ | 366 |
| 4 | 13/476 | മീനാക്ഷി | പാർപ്പിടം | 210 $M^2$ | 2565/- |
| 5 | 13/55 | പത്മനാഭൻ | പാർപ്പിടം | 136 $M^2$ | 890/- |
| 6 | 11/454 | യശോദ | പാർപ്പിടം | 70 $M^2$ | 747/- |
| 7 | 10/143 | ബിന്ദു | പാർപ്പിടം | 65 $M^2$ | 1716/- |
| 8 | 10/320 | ശിവദാസൻ | പാർപ്പിടം | 64 $M^2$ | 1255/- |
| 9 | 10/213 | ശിവജി | പാർപ്പിടം | 64 $M^2$ | 787/- |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 39/25.06.2022 ന് ലഭിച്ച മറുപടിയിൽ പരിശോധന നടത്തി അപാകങ്ങൾ പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് മേൽ സൂചിപ്പിച്ച പ്രകാരമുള്ള അപാകങ്ങൾ പരിശോധിക്കേണ്ടതും പ്രസ്തുത കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണയിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

3)വാണിജ്യ കെട്ടിട ത്തിന് തെറ്റായ നികുതി നിർണയം നടത്തി

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം ഉപയോഗക്രമത്തിനനുസരിച്ച് ഓരോ കെട്ടിടങ്ങൾക്കും അടിസ്ഥാന വസ്തു നികുതി നിരക്ക് ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കേണ്ടതാണ്. 100 മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് അടിസ്ഥാന വസ്തു നികുതി 50/- രൂപയാണ് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ 100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള വാണിജ്യകെട്ടിടങ്ങളെ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്നീ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി അടിസ്ഥാനവസ്തു നികുതി 30/- രൂപ നിരക്കിൽ ഡിമാന്റ് ചെയ്ത് തുക ഈടാക്കിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ | ഉടമയുടെ പേര് | ഉപയോഗക്രമം | വിസ്തീർണ്ണം |
|---|---|---|---|---|
| 1 | 11/288 A | സജി ഡി എസ് | ഷോപ്പ് | 105 $M^2$ |
| 2 | 12/262 A | ബീന.എസ് | ഷോപ്പ് | 112.06 $M^2$ |
| 3 | 15/50 J | വേണു.എസ്.നായർ | ഷോപ്പ് | 105 $M^2$ |
| 4 | 18/539 C | ഹേനസാബു | ഷോപ്പ് | 185.62 $M^2$ |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 45/27.06.2022 ന് ലഭിച്ച മറുപടിയിൽ സഞ്ചയയിലെ മേൽ അപാകത പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. മേൽ കെട്ടിടത്തിന്റെ വസ്തു നികുതി പുനർ നിർണയിച്ച് കുടിശ്ശിക തുക അടക്കം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

4) അറുപത് ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിൽ അപാകത

(I) ജി.ഒ(എം.എസ്).144/15/തസ്വഭവ തീ.27.04.2015, ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസഗൃഹത്തിന് മാത്രമായി പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ,

| ക്രമ നം | വാർഡ്/കെട്ടിട.നം | പേര് /വിലാസം |
|---|---|---|
| 1 | 10/320 A | ഷിനിൽ ശാന്തിനി ഭായി, മകയിരം |
| | 10/320 D | |
| 2 | 19/199 A | മനു, വാഴവിള വീട് |
| | 19/166 B | |
| 3 | 19/219 B | സുനു, കമ്പക്കാട് വിളയിൽ വീട് |
| | 19/219 C | |
| 4 | 17/72 | ഷമീന, കുന്നിൻ ചരുവിള |
| | 17/72 A | |
| 5 | 16/729 | തക്കിളി, ഉണ്ണി വിലാസം |
| | 16/729 A | |

(Ii) ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 ഉത്തരവ് പ്രകാരം സമർപ്പിക്കേണ്ട സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല എന്ന് സഞ്ചയ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങൾക്ക് നികുതി ഇളവ് നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ 7,8 എന്നീ വാർഡുകളിൽ ഇത്തരത്തിൽ രേഖപ്പെടുത്തിയ കെട്ടിടങ്ങൾ ചുവടെ ചേർക്കുന്നു.

| Sl No | Ward No | Door No | Sub No | Owner Details | Plinth Area |
|---|---|---|---|---|---|
| 1 | 7 | 306 | | ബേബി(പൂരാടം,ഞെക്കാട്,വടശ്ശേരികോണം | 41.5 |
| 2 | 7 | 336 | | ബാബു.വി(ആര്യ ഭവൻ,ഞെക്കാട്, | 18 |
| 3 | 7 | 400 | | പി.സത്യശീലന്(പൊയ്കയില് വീട്, | 40 |
| 4 | 7 | 594 | B | ബേബി(രേവതി നിലയം,ഞെക്കാട്, | 36.3 |
| 5 | 7 | 753 | A | ബിന്ദു(കൃഷ്ണവിളാകത്ത് പുത്തൻവീട്,ചെമ്മരുതി, | 60 |
| 6 | 8 | 135 | | തങ്കം(റ്റി.എസ് ഭവൻ,ചെമ്മരുതി,വടശ്ശേരികോണം | 45 |
| 7 | 8 | 291 | A | ലീന(ഉത്രാടം,ചെമ്മരുതി, വടശ്ശേരികോണം, | 60 |
| 8 | 8 | 540 | D | രജനി(വിജി ഭവൻ,മുത്താന, | 43 |

Iii) സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ കെട്ടിടങ്ങളുടെ അസസ് മെന്റ് റിപ്പോർട്ട് പ്രകാരമുള്ള കെട്ടിടങ്ങളുടെ വിസ്തീർണവും നികുതി ഇളവ് നൽകിയ കെട്ടിടങ്ങളുടെ വിവരങ്ങൾ (ORDER NO. 144/15 & 358/15 എക്സൽ ഷീറ്റ് പ്രകാരമുള്ള റിപ്പോർട്ട്) പ്രകാരമുള്ള വിസ്തീർണവും പൊരുത്തപ്പെടുന്നില്ല. ഇളവ് നൽകിയ വിവിധ കെട്ടിടങ്ങളുടെ വിസ്തീർണം 60 ച.മീറ്ററിൽ കൂടുതലായാണ് പ്രസ്തുത റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് | കെട്ടട നം | സബ് നം | കെട്ടിട ഉടമ | വിസ്തീർണം (ച.മീ) ORDER NO. 144/15 & 358/15 റിപ്പോർട്ട് |
|---|---|---|---|---|---|
| 1 | 11 | 535 | | NALINI AMMA | 168 |
| 2 | 1 | 224 | | Sankari | 150 |
| 3 | 8 | 291 | A | Leena | 120 |
| 4 | 7 | 80 | A | PRAKASH | 114.8 |
| 5 | 6 | 409 | | JAYAKUMARY | 112 |
| 6 | 19 | 22 | | Sheela.T | 105 |
| 7 | 12 | 546 | | Aneesiya | 96 |
| 8 | 12 | 540 | | Sasidarann | 96 |
| 9 | 1 | 195 | | K. Saraswathy | 93.6 |
| 10 | 2 | 599 | | SURESH / SUJITHA | 90 |
| 11 | 8 | 135 | | Thankam | 90 |

| | | | | | |
|---|---|---|---|---|---|
| 12 | 13 | 412 | B | SREEJITH | 88.74 |
| 13 | 4 | 314 | | Rehuma Kannu | 86 |
| 14 | 6 | 514 | | K.Sarojini | 84 |
| 15 | 4 | 119 | | Santha | 84 |
| 16 | 14 | 212 | | Beena | 81.72 |
| 17 | 6 | 403 | | Geetha | 80 |
| 18 | 11 | 127 | A | REENA S | 72 |
| 19 | 2 | 164 | | Gopalakrishnakurup | 70 |
| 20 | 4 | 231 | | Subhash | 66 |
| 21 | 6 | 431 | | Geetha | 62 |
| 22 | 6 | 265 | A | Sukumaran | 62 |
| 23 | 6 | 421 | A | V.Babu | 62 |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 46/27.06.2022 ന് ലഭിച്ച മറുപടിയിൽ പരിശോധന നടത്തി അപാകങ്ങൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിലെ അപാകങ്ങൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

5)ടെലഫോൺ ടവറിന്റെ വസ്തു നികുതി ഈടാക്കേണ്ടതാണ്

താഴെപ്പറയുന്ന ടെലഫോൺ ടവറിന്റെ 2020-21 വർഷത്തെ വസ്തു നികുതി നാളിതുവരെ ഈടാക്കിയിട്ടില്ല.

| കെട്ടിട നമ്പർ | കെട്ടിടത്തിന്റെ വിശദാംശം | വിസ്തീർണം (ച.മീ) |
|---|---|---|
| 16/60 | റിലയൻസ് ഇൻഫ്രാടെക് ലിമിറ്റഡ് | 6 |

| തരം | ഒന്നാം അർദ്ധവർഷം | രണ്ടാം അർദ്ധവർഷം | വാർഷികം | |
|---|---|---|---|---|
| വസ്തു നികുതി | 1500.00 | 1500.00 | 3000.00 | രൂപ |
| ലൈബ്രറി സെസ്സ് | 75.00 | 75.00 | 150.00 | രൂപ |
| സർവ്വീസ് ചാർജ്ജ് | 256.00 | 255.00 | 511.00 | രൂപ |
| സർചാർജ്ജ് - 1 | 0.00 | 0.00 | 0.00 | രൂപ |
| സർചാർജ്ജ് - 2 | 0.00 | 0.00 | 0.00 | രൂപ |
| ആകെ നികുതി | 1831.00 | 1830.00 | 3661.00 | രൂപ |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 47/27.06.2022 ന് ലഭിച്ച മറുപടിയിൽ തുക ഈടാക്കാൻ നടപടികൾ സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 പത്രപ്പരസ്യം - നിരക്ക് കണക്കാക്കിയതിൽ അപാകം

| | |
|---|---|
| പ്രോജക്ട് നമ്പർ | S00018/21 |
| പ്രോജക്ടിന്റെ പേര് | പദ്ധതി രൂപീകരണം നിർവഹണം മോണിറ്ററിംഗ് |
| നിർവഹണം | സെക്രട്ടറി |
| അടങ്കൽ | 300000(വികസന ഫണ്ട്) |
| ചെലവ് | 258327 |

1)വിവിധ ദിനപത്രങ്ങളിൽ സർക്കാർ സ്ഥാപനങ്ങൾ നൽകുന്ന പരസ്യനിരക്ക് ജി.ഒ(ആർ.ടി).നം.551/15/I&PRD തീ.20.11.2015, ജി.ഓ(പി) നം17/15/ I & PRD തീയതി 08-12-2015, ജി.ഓ(ആർ.ടി) നം. 288/14/I & PRD തീയതി 10-09-2014 , ജി.ഒ (പി) നം.1/2019 /I&PRD തീ.07.01.2019,ജി.ഓ (പി) നം.2/2020/I&PRD തീ.10.12.2020 എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ പരസ്യങ്ങൾ പി.ആന്റ്.എ.ആർ.ഡി വകുപ്പ് മുഖേന നൽകിയാലും നേരിട്ട് നൽകിയാലും 15% ഡിസ്കൗണ്ട് അനുവദിച്ച് നൽകണമെന്ന് മേൽ ഉത്തരവുകളിൽ വ്യക്തമാക്കിയിട്ടുണ്ട്. 2021-22വർഷത്തെ പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് കേരള

കൗമുദി ദിനപ്പത്രത്തിൽ പത്രപ്പരസ്യം നൽകിയപ്പോൾ സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്കുകളിലല്ല തുക അനുവദിച്ചത്. കേരളകൗമുദിയിൽ നിന്നും ലഭിച്ച ഇൻവോയ്സുകളിലെ സ്ക്വയർ സെന്റിമീറ്ററിന് 304/- രൂപ നിരക്കിലാണ് തുക കണക്കാക്കിയിട്ടുള്ളത്. ജി.ഒ (പി) നം17/15/ I & PRD തീയതി 08-12-2015, ഉത്തരവ് പ്രകാരം കേരളകൗമുദി തിരുവനന്തപുരം എഡിഷൻ നിരക്ക് സ്ക്വയർ സെന്റിമീറ്ററിന് 124 രൂപയാണ് . കൂടാതെ ജി.ഒ (പി) നം.2/2020/I&PRD തീ.10.12.2020 ഉത്തരവ് പ്രകാരം 01.04.2019 മുതൽ കേരളകൗമുദി തിരുവനന്തപുരം എഡീഷൻ നിരക്ക് സ്ക്വയർ സെന്റിമീറ്ററിന് 158 രൂപയായി പുനർ നിർണയിച്ചിട്ടുണ്ട് (നേരിട്ട് നൽകുമ്പോൾ പരമാവധി 50% വരെ നിരക്ക് വർദ്ധന അനുവദനീയമാണ്) . എന്നാൽ 15 % ഡിസ്കൗണ്ട് കണക്കാക്കാതെയും സ്ക്വയർ സെന്റിമീറ്ററിന് 304 രൂപ നിരക്കിലും താഴെപ്പറയും പ്രകാരം തുക അനുവദിച്ച് നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ | വിസ്തീർണം ($cm^2$) | ബിൽ തുക (inc 5%GST) |
|---|---|---|---|
| 1 | BLTVM00352355/15.05.2020 | 34.2 | 10917 |
| 2 | BLTVM00354705/10.07.2020 | 40 | 12768 |
| 3 | BLTVM00357041/26.09.2020 | 30.4 | 9704 |
| 4 | BLTVM00355563/25.08.2020 | 22.8 | 7278 |

2)വെബ് സാംഖ്യ പ്രകാരം മേൽ പ്രോജക്ടിനായി 2020-21 വർഷം 283356/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സുലേഖ ചെലവ് പത്രികയിൽ 258327/- രൂപയുടെ ചെലവ് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

ചെലവ് വിവരങ്ങൾ പൂർണമായും സുലേഖ ചെലവ് പത്രികയിൽ രേഖപ്പെടുത്താത്തതിനാലാണ് മേൽ അപാകത സംഭവിച്ചത് എന്നാണ് അറിയിച്ചിട്ടുള്ളത്. കൂടാതെ പത്രപ്പരസ്യം നൽകുമ്പോൾ സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്ക് കണക്കാക്കി തുക വരും വർഷങ്ങളിൽ നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട് (എൻക്വയറി നം.18/22.06.2022). സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്ക് കണക്കാക്കി അധികം നൽകിയ തുക തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-13 ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള അഗ്രോ സർവീസ് സെന്ററിനായി റെയിൻ ഷെൽറ്റർ നിർമ്മിച്ചു.

| | |
|---|---|
| പ്രോജക്ട് നമ്പർ | SO188/21 |
| പ്രോജക്ടിന്റെ പേര് | റെയിൻ ഷെൽറ്റർ നിർമ്മാണം |
| അടങ്കൽ | 100000 (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് | 100000 |
| ബിൽ നമ്പർ | 02/11.04.2020 |
| നിർവ്വഹണം | കൃഷി ഓഫീസർ |

പ്രോജക്ടിന്റെ ലക്ഷ്യമായി വർക്കല ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള 7 പഞ്ചായത്തുകളിലേക്കും ആവശ്യമുള്ള പച്ചക്കറി തൈകളും മറ്റ് നടീൽ വസ്തുക്കളും ഉല്പാദിപ്പിക്കുകയെന്നാണ് പ്രൊഫോമയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. അഗ്രോ സർവീസ് സെന്ററിന് റെയിൻ ഷെൽറ്റർ നിർമ്മിക്കുന്നതിനായി റെയിഡ്കോയ്ക്ക് തുക കൈമാറി. '50m$^2$ Rain Shelter With Micro Irrigation' എന്ന് രേഖപ്പെടുത്തിയ ബിൽ റെയിഡ്കോ സമർപ്പിച്ചിട്ടുണ്ട്.

അഗ്രോ സർവ്വീസ് സെന്റർ ബ്ലോക്ക് തലത്തിലാണ് രൂപീകരിച്ചതെന്നും അതിന്റെ കൺവീനർ കൃഷി അസിസ്റ്റന്റ് ഡയറക്ടറാണെന്നും കൃഷി ഓഫീസർ അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 21/23.06.2022ന്റെ മറുപടി). ബ്ലോക്ക് പഞ്ചായത്ത് മുഖേന നിർവ്വഹിക്കപ്പെടേണ്ട പ്രോജക്ടിനായി ഗ്രാമ പഞ്ചായത്ത് ഫണ്ട് വകയിരുത്തിയത് ഉചിതമായില്ല.

## 1-14 ABC പ്രോഗ്രാം - വിനിയോഗവിവരങ്ങളുടെ അഭാവത്തിൽ 98700 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ABC പ്രോഗ്രാം |
| പ്രോജക്ട് നമ്പർ | SO112/21 |
| അടങ്കൽ | 100000(തനത് ഫണ്ട്) |
| ചെലവ് | 98700 |
| ബിൽ നമ്പർ | 279/10.11.2020 |
| നിർവ്വഹണം | വെറ്ററിനറി സർജൻ |

ഗ്രാമപഞ്ചായത്തിലെ അലഞ്ഞു തിരിയുന്ന തെരുവ് നായകളെ പിടികൂടി വന്ധ്യംകരണ ശസ്ത്രക്രിയ നടത്തി പിടിച്ച സ്ഥലത്തു തന്നെ തിരിച്ച് വിടുന്നതിനായാണ് പ്രോജക്ട് തയ്യാറാക്കിയത്. 47 തെരുവ് നായകൾക്കാണ് പദ്ധതി പ്രകാരം വന്ധ്യംകരണ ശസ്ത്രക്രിയ നടത്തിയിട്ടുള്ളത്. ഇതിലേക്കായി നായ ഒന്നിന് 2100 രൂപ വകയിരുത്തി 98700രൂപ മുൻകൂറായി കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓഡിനേറ്റർക്ക് കൈമാറി. തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. 27-08-2016 ലെ 45151/RC3 /2014/LSGD നമ്പരായ സർക്കുലറിലെ ഖണ്ഡിക നമ്പർ അഞ്ച് പ്രകാരം എ.ബി.സി പ്രോഗ്രാമിൽ സ്റ്റെറിലൈസേഷൻ, ആന്റി-റാബീസ് വാക്സിനേഷൻ, ആർ.എഫ്.ഡി കോളർ സ്ഥാപിക്കൽ, Deworming, നായയ്ക്ക് അഞ്ച് ദിവസത്തേക്ക് ഭക്ഷണം നൽകൽ, തെരുവിൽ തിരിച്ച് കൊണ്ടു വിടാൻ സുരക്ഷിതമാണെന്ന് സാക്ഷ്യപ്പെടുത്തൽ എന്നിവയെല്ലാം ഉൾക്കൊള്ളുന്നു. എന്നാൽ ഇവ സംബന്ധിച്ച രേഖകൾ ലഭ്യമല്ല. സ.ഉ (സാധാ) നം.3247/2016/തസ്വഭവ തീയതി 30-11-2016 പ്രകാരം പരിശീലനം സിദ്ധിച്ച കുടുംബശ്രീ എ.ബി.സി. മൈക്രോ യൂണിറ്റുകളെയാണ് ഇതിനായി നിയോഗിക്കേണ്ടത്. വെറ്റിനറി സർജന്മാർ സർജറി നടത്തിയതിന് പ്രതിഫലം ആവശ്യപ്പെട്ടുള്ള കത്ത്, പിടികൂടിയ 47 നായകളുടെ വിവരങ്ങളടങ്ങിയ ലിസ്റ്റ് (വിജയ ഗ്രൂപ്പ് കുടുംബശ്രീ യൂണിറ്റിന്റേത്) എന്നിവ മാത്രമാണ് ഫയലിലുള്ളത്. പ്രോജക്ടിന്റെ മോണിറ്ററിംഗ് നടന്നതിന്റെ വിശദാംശങ്ങളും ലഭ്യമല്ല.

രേഖകൾ ലഭ്യമാകുന്നമുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 49/ 27.06.2022ന്റെ മറുപടി). വിനിയോഗ വിവരങ്ങളുടെ അഭാവത്തിൽ 98700 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-15 ആട് വളർത്തൽ – പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | SO128/21 | |
| പ്രോജക്ടിന്റെ പേര് | ആട് വളർത്തൽ (പട്ടികജാതി) | |
| ഫണ്ട് | അടങ്കൽ | ചെലവ് |
| വികസനഫണ്ട്(SCP) | 250000 | 240000 |
| ഗുണഭോക്തൃ വിഹിതം (നേരിട്ട് ചെലവഴിക്കുന്നത്) | 96000 | 80000 |
| ആകെ | 346000 | 320000 |
| ബിൽ നമ്പർ | ബിൽ നമ്പർ 521/25.03.2021 | |
| നിർവ്വഹണം | വെറ്റിനറി സർജൻ | |

12 കിലോഗ്രാം തൂക്കമുള്ള / 8 മാസമെങ്കിലും പ്രായമുള്ള 2 പെണ്ണാടുകളെ വീതം മറ്റ് പഞ്ചായത്തുകളിൽ നിന്നും വാങ്ങുന്ന ഗുണഭോക്താക്കൾക്ക് 75 % സബ്സിഡി നൽകുന്നു.

40 ആടുകളെ വിതരണം ചെയ്ത ബീനാകുമാരി, അശ്വതി ഭവൻ, കോലിയക്കോട് എന്നയാൾക്ക് തുക കൈമാറിയിട്ടുണ്ട്.

1)ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിക്കുന്നതായാണ് പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്നത്. എന്നാൽ, 20 ഗുണഭോക്താക്കളിൽ നിന്നും 4000 രൂപ വീതം (രസീത് നമ്പർ 01 മുതൽ 20/40859 വരെ)ആകെ 80000 രൂപ പിരിച്ച് ഗ്രാമപഞ്ചായത്തിൽ ഒടുക്ക് വരുത്തിയിട്ടുണ്ട്.

2) രസീതുകളിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല.

3) ആടുകളുടെ വില, ബീനാകുമാരി എന്നയാൾ കൈപ്പറ്റിയ തുക എന്നിവ സംബന്ധിച്ച വിവരം ലഭ്യമല്ല.

ഗുണഭോക്തൃവിഹിതം നേരിട്ട് ചെലവഴിക്കാൻ ഗുണഭോക്താക്കൾ വിമുഖത കാണിച്ച സാഹചര്യത്തിലാണ് പിരിച്ച് പഞ്ചായത്തിൽ ഒടുക്ക് വരുത്തിയതെന്ന് വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 54/ 27.06.2022ന്റെ മറുപടി).

പ്രോജക്ട് നിർവ്വഹണത്തിൽ ഇപ്രകാരമുള്ള അപാകങ്ങളുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 പ്രത്യേക കന്നുകുട്ടി പരിപാലനം - ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

പ്രത്യേക കന്നുകുട്ടി പരിപാലനത്തിനായി 2020-21 വർഷം വെറ്റിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി ചുവടെ ചേർക്കും പ്രകാരം 3 പ്രോജക്ടുകൾ നടപ്പാക്കി.

| ക്രമ നം. | പ്രോജക്ട് നമ്പർ | പേര് | അടങ്കൽ | ഫണ്ട് | ചെലവ് | ബിൽ നമ്പർ |
|---|---|---|---|---|---|---|
| I | SO186/21 | പ്രത്യേക കന്നുകുട്ടി പരിപാലനം (SO) | 784000 | വികസന ഫണ്ട് | 700000 | 38/11.04.20 |
| Ii | SO187/21 | പ്രത്യേക കന്നുകുട്ടി പരിപാലനം (SO) | 62500 | വികസന ഫണ്ട് (SCP) | 62500 | 24/11.04.20 |
| Iii | SO122/21 | പ്രത്യേക കന്നുകുട്ടി | 525000 | വികസന ഫണ്ട് (SCP) | 237500 | 464/16.03.21 |

| | | | | | |
|---|---|---|---|---|---|
| | | പരിപാലന പരിപാടി | 525000 | ഗുണഭോക്തൃ വിഹിതം (നേരിട്ട് ചെലവഴിക്കുന്നത്) | 0 |
| | | | 1050000 | ആകെ | 237500 |

ഗ്രാമപഞ്ചായത്തിൽ 2017-18വർഷം മുതൽ 2019-20 വരെ പ്രത്യേക കന്നുകുട്ടി പരിപാലനം പദ്ധതിക്കായി ചെലവാക്കിയ തുകയുടെ വിനിയോഗ വിവരങ്ങൾ ചുവടെ ചേർക്കുന്നു (അവലംബം - ഓഡിറ്റ് എൻക്വയറി നമ്പർ 48/27.06.2022ന്റെ മറുപടിയോടൊപ്പം ലഭ്യമാക്കിയ വിനിയോഗ സർട്ടിഫിക്കറ്റുകൾ).

| ക്രമ നമ്പർ | വർഷം | കൈമാറിയ തുക | വിനിയോഗിച്ച തുക | ചെലവഴിക്കാതെ അവശേഷിക്കുന്ന തുക |
|---|---|---|---|---|
| I | 2017-18 | 300000 | 274180 | 25820 |
| Ii | 2018-19 | 312500 | 263338 | 49162 |
| Iii | 2019-20 | 762500 | 704146 | 58354 |

മുൻവർഷങ്ങളിലും ഇപ്രകാരം ചെലവഴിക്കാനവശേഷിക്കുന്ന തുകയുണ്ടെങ്കിൽ അതും കണക്കാക്കി തിരികെ ഈടാക്കി ബന്ധപ്പെട്ട ഹെഡിൽ ഒടുക്ക് വരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1- 17 ആയുർവേദ മരുന്ന് വാങ്ങൽ പ്രോജക്ടിലെ അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | SO092/21 |
| പ്രോജക്ടിന്റെ പേര് | ആയുർവേദ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 600000 (മെയിന്റനൻസ് ഫണ്ട് - റോഡിതരം) |
| ചെലവ് | 600000 |
| ബിൽ നമ്പർ | 228/16.10.2020 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ - ആയുർവേദം |

1)കാലഹരണപ്പെട്ട മരുന്നുകളുടെ വിതരണം:

ഇൻവോയ്സ് 90190294 പ്രകാരം ലഭിച്ച താഴെ പറയുന്ന മരുന്നുകൾ കാലഹരണപ്പെട്ടതിനു ശേഷം വിതരണം ചെയ്തതായി കണ്ടെത്തിയിട്ടുണ്ട്.

| മരുന്നിന്റെ പേര് | Expiry Date | Indent Date |
|---|---|---|
| ബാലതൈലം 10 Ml | 08.2021 | 06.01.2022 |
| ഗുൽഗുലുമാരിചാദി തൈലം 50 G | 12.2021 | 06.01.2022 |

പ്രസ്തുത മരുന്നുകൾ എക്സ്റ്റേണൽ ഫ്യൂമിഗേറ്ററി പ്രൊസീജിയറിന്റെ ഭാഗമായുള്ള ചികിത്സാക്രമത്തിൽ വിതരണം ചെയ്തിട്ടുള്ളതാണെന്ന് വിശദീകരിച്ചിട്ടുണ്ട്.

2)ആയുർവേദ മരുന്നുകൾ പൂർണമായി ലഭ്യമാക്കിയിട്ടില്ല:

ഇൻവോയ്സ് 90190294 പ്രകാരം താഴെ പറയുന്ന മരുന്നുകൾ പൂർണമായി ലഭ്യമാക്കിയിട്ടില്ല.

| മരുന്നിന്റെ പേര് | Qty Ordered | Qty Received |
|---|---|---|
| ധന്വന്തരം 10 Mg , | 80 | 25 |
| വേപ്പുകാടി 450 Ml | 55 | 25 |

3)മരുന്ന് ലഭിക്കുന്നതിനു കാലതാമസം നേരിട്ടു :

ഔഷധിയുമായുള്ള 21.10.2020 തീയതിയിലെ കരാർ പ്രകാരം 60 ദിവസത്തിനുള്ളിൽ ലഭ്യമാക്കേണ്ടുന്ന മരുന്നുകൾ, നാളിതുവരെ, പൂർണമായി ലഭ്യമാക്കിയിട്ടില്ല.

കോവിഡ് സാഹചര്യത്തിൽ ഔഷധ നിർമ്മാണത്തിനുള്ള അസംസ്കൃത വസ്തുക്കളുടെ ദൌർലഭ്യം നേരിടുന്നതാണ് കാലതാമസത്തിനും മരുന്നുകൾ പൂർണമായി ലഭ്യമാകാത്തതിനും കാരണമായി വിശദീകരിച്ചിട്ടുള്ളത് (ഓഡിറ്റ് എൻക്വയറി നമ്പർ 07/ 20.06.2022ന്റെ മറുപടി).

ലഭിക്കാനുള്ള മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 ലൈഫ് ഭവന പദ്ധതി - അധിക ധനസഹായം നൽകി.

സ.ഉ(എം.എസ്) നം.151/2017/തസ്വഭവ തീ.31.07.2017 പ്രകാരം ലൈഫ് ഭവന പദ്ധതി ഗുണഭോക്താക്കൾക്ക് അനുവദിക്കാവുന്ന പരമാവധി ധനസഹായം 4 ലക്ഷം രൂപയാണ്. എന്നാൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് അധിക തുക അനുവദിച്ച് നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | പേര്/വിലാസം | വിഭാഗം | ആകെ അനുവദിച്ച തുക | അധികം നൽകിയ തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | മഞ്ജു, വാറുവിള വീട്, | ലൈഫ് ജനറൽ | 560000 | 160000 | തിരികെ ഒടുക്കി |
| 2 | മീനാക്ഷി . കീട്ടു വീട് ചെമ്മരുതി | ലൈഫ് ജനറൽ | 410000 | 10000 | ഒടുക്കിയിട്ടില്ല |
| 3 | ഇന്ദിര ,ഇന്ദിരാലയം ,ഞെക്കാട് | ലൈഫ് ജനറൽ | 460000 | 60000 | തിരികെ ഒടുക്കി |
| 4 | സബീന , ചരുവിള വീട്, തറട്ട | ലൈഫ് ജനറൽ | 560000 | 160000 | തിരികെ ഒടുക്കി |
| 5 | രമ, ഗീതം, ഞെക്കാട് | ലൈഫ് ജനറൽ | 520000 | 120000 | തിരികെ ഒടുക്കി |
| 6 | സുനു, ജെ.സി ലാന്റ്, വടശ്ശേരിക്കോണം | ലൈഫ് എസ്.സി.പി | 500000 | 100000 | തിരികെ ഒടുക്കി |
| 7 | അജിത, ചരുവിള പുത്തൻ വീട്,തച്ചോട് | ലൈഫ് എസ്.സി.പി | 560000 | 160000 | തിരികെ ഒടുക്കി |
| 8 | സിന്ധു, പുതുവൽവീട്, മുട്ടപ്പലം | ലൈഫ് എസ്.സി.പി | 560000 | 160000 | തിരികെ ഒടുക്കി |

വിശദാംശങ്ങൾ ഖണ്ഡിക 3-1ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-19 കിണർ റീചാർജ്ജിംഗ് - വരുമാനരേഖകൾ സൂക്ഷിച്ചിട്ടില്ല.

| പ്രോജക്ട് നമ്പർ | S0004/21 | S0259/21 |
|---|---|---|
| പ്രോജക്ടിന്റെ പേര് | കിണർ റീചാർജിംഗ് | ജല സമൃദ്ധി സമ്പൂർണ്ണ കിണർ റീചാർജിംഗ് |
| നിർവഹണം | വി.ഇ.ഒ(സർക്കിൾ 1) | വി.ഇ.ഒ(സർക്കിൾ 1) |
| അടങ്കൽ | 928800(53810വി.ഫ.+874990 ധ.ഗ്രാ) | 3744000(3368119ധ.ഗ്രാ.+1481 ത.ഫ+374400 ഗു.വി) |
| ചെലവ് | 928710 | 3362400(ധ. ഗ്രാ) |

1)മേൽ പദ്ധതികൾ പ്രകാരം കിണർ റീചാർജിംഗ് നടപ്പാക്കുന്നതിനായി ഗുണഭോക്താക്കൾക്ക് പരമാവധി 7200/- രൂപ സബ്സിഡി അനുവദിച്ചിട്ടുണ്ട്. സ.ഉ.(കൈ) നം. 22/2018/തസ്വഭവ, തീ.14.02.2018 സബ്സിഡി മാർഗ്ഗരേഖ ഖ.6.5 പ്രകാരം പൊതുവിഭാഗത്തിലുള്ള ഗുണഭോക്താക്കൾക്ക് വാർഷിക വരുമാന പരിധി 2 ലക്ഷവും പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട ഗുണോഭോക്താക്കൾക്ക് 3 ലക്ഷവും എന്നതിന്റെ അടിസ്ഥാനത്തിലാണ് സബ്സിഡി തുക അനുവദിക്കേണ്ടത്. എന്നാൽ മേൽ പദ്ധതിയുടെ അപേക്ഷയിൽ ഗുണഭോക്താക്കളുടെ വരുമാന സർട്ടിഫിക്കറ്റോ മറ്റ് വരുമാന രേഖകളോ സൂക്ഷിച്ചിട്ടില്ല. കൂടാതെ,

നിർവഹണ ഉദ്യോഗസ്ഥൻ വരുമാന പരിധി പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. അപേക്ഷകൾ പരിശോധിച്ചതിൽ റേഷൻ കാർഡിൽ സർക്കാർ ജീവനക്കാർ അംഗങ്ങളായ കുടുംബങ്ങൾക്ക് ഉൾപ്പെടെ വരുമാന രേഖകൾ പരിശോധിക്കാതെ പദ്ധതി ആനുകൂല്യം അനുവദിച്ചിട്ടുണ്ട്.
ഉദാ- SO004/21, ബിനി നിർമ്മാല്യം , മുട്ടപ്പലം

2)SO004/21, ശ്രീമതി ശകുന്തള , ചരുവിള വീട് വെട്ടൂർ എന്ന ഗുണഭോക്താവിന്റെ റേഷൻ കാർഡ് പ്രകാരം പ്രസ്തുത വ്യക്തി വെട്ടൂർ ഗ്രാമപഞ്ചായത്തിലാണ് താമസിക്കുന്നത്.

ഗ്രാമപഞ്ചായത്തിൽ കുടിവെള്ളക്ഷാമം രൂക്ഷമായ സാഹചര്യത്തിലാണ് മേൽ പദ്ധതി നടപ്പാക്കിയതെന്നും ഗുണഭോക്താക്കളുടെ അഭാവം നിലനിന്നിരുന്ന സാഹചര്യത്തിൽ റേഷൻകാർഡിലെ വരുമാനം പരിശോധിച്ചാണ് പദ്ധതി ആനുകൂല്യം നൽകിയതെന്നുമാണ് അറിയിച്ചിട്ടുള്ളത്(ഓഡിറ്റ് എൻക്വയറി നമ്പർ 36ന്റെ മറുപടി). അപേക്ഷകരുടെ എണ്ണം വർദ്ധിച്ചതിനാൽ മേൽ അപാകത സംഭവിച്ചത് എന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. സർക്കാർ ഉത്തരവ് പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ച് പദ്ധതി നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 ഭവന പുനരുദ്ധാരണം - വിവിധ അപാകങ്ങൾ

I)

| പ്രോജക്ട് നമ്പർ | SO002/21 | SO001/21 |
|---|---|---|
| പ്രോജക്ടിന്റെ പേര് | ഭവന പുനരുദ്ധാരണം - ജനറൽ | ഭവന പുനരുദ്ധാരണം - എസ്.സി.പി |
| നിർവഹണം | വി.ഇ.ഒ സർക്കിൾ 1 | വി.ഇ.ഒ സർക്കിൾ 1 |
| അടങ്കൽ | 1425000 | 2850000 |
| ചെലവ് | 900000 | 525000 |

വാസയോഗ്യമല്ലാത്ത ഭവനത്തിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് വീട് വാസയോഗ്യമാക്കുന്നതിന് ധന സഹായം നൽകുന്നതിനാണ് മേൽ പദ്ധതികൾ വിഭാവനം ചെയ്തത് . സ.ഉ.(കൈ) നം. 22/2018/തസ്വഭവ, തീ.14.02.2018 സബ്സിഡി മാർഗ്ഗരേഖ ഖ.6.7.6 പ്രകാരം വീട് മെയിന്റനൻസ് പ്രോജക്ടിന്റെ എസ്റ്റിമേറ്റ് കെട്ടിട ഉടമ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്. കൂടാതെ അറുപത് ചതുരശ്രമീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് അധിക മുറി നിർമ്മാണം അനുവദനീയമല്ല. എന്നാൽ പദ്ധതിയുടെ ഗുണഭോക്താക്കൾ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടില്ല. കൂടാതെ ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ കെട്ടിട ഉടമസ്ഥ സാക്ഷ്യപത്രത്തിൽ കെട്ടിടത്തിന്റെ വിസ്തീർണം രേഖപ്പെടുത്തിയിട്ടില്ല. രേഖകൾ ലഭ്യമല്ലാത്തതിനാൽ സബ്സിഡി മാർരേഖ പ്രകാരമുള്ള നിബന്ധനകൾ പാലിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. കോവിഡ് പശ്ചാത്തലത്തിൽ രേഖകൾ വാങ്ങി സൂക്ഷിക്കാൻ സാധിച്ചിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്.(എൻക്വയറി നം.37/25.06.2022)

II)

| ക്രമ നമ്പർ | 1 | 2 |
|---|---|---|
| പ്രോജക്ട് നമ്പർ | SO235/21 | SO236/21 |
| പ്രോജക്ടിന്റെ പേര് | ഭവന പുനരുദ്ധാരണം - എസ്.സി.പി | ഭവന പുനരുദ്ധാരണം - ജനറൽ |
| നിർവഹണം | വി.ഇ.ഒ സർക്കിൾ 2 | വി.ഇ.ഒ സർക്കിൾ 2 |
| അടങ്കൽ | 651750(വി.ഫ) | 619240(ത.ഫ) |
| ചെലവ് | 510000 | 150000 |

1)സ.ഉ.(കൈ) നം. 22/2018/തസ്വഭവ, തീ.14.02.2018 സബ്സിഡി മാർഗ്ഗരേഖ പ്രകാരം പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് 8 വർഷമെങ്കിലും കഴിഞ്ഞവർക്ക് മാത്രമാണ് പദ്ധതി ആനുകൂല്യം നൽകേണ്ടത്. എന്നാൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് മേൽ മാനദണ്ഡം പാലിക്കാതെ തുക അനുവദിച്ചു നൽകി.

| പ്രോജക്ട് നമ്പർ | കെട്ടിട നമ്പർ | ഗുണഭോക്താവ് | അപാകത |
|---|---|---|---|
| SO235/21 | 2/599 B | സുലോചന , സുധീഷ് വിലാസം, കോവൂർ | കെട്ടിടത്തിന്റെ നികുതി നിർണയിച്ചത് 2015 ഒന്നാം അർദ്ധ വർഷം മുതലാണ്. ആയതിനാൽ കെട്ടിടത്തിന്റെ കാലപ്പഴക്കം 5 വർഷത്തിൽ കുറവാണ്. |
| SO235/21 | 3/564 B | കണ്ണല, പൊയ്കയിൽ അംബേദ്കർ,കോവൂർ | കെട്ടിടത്തിന്റെ നികുതി നിർണയിച്ചത് 2013 ഒന്നാം അർദ്ധ വർഷം മുതലാണ്. ആയതിനാൽ കെട്ടിടത്തിന്റെ കാലപ്പഴക്കം 8 വർഷത്തിൽ കുറവാണ്. |
| SO236/21 | 12/266 A | രാജനിസ, റിയാസ് മൻസിൽ,തോക്കാട് | കെട്ടിടത്തിന്റെ നികുതി നിർണയിച്ചത് 2015 ഒന്നാം അർദ്ധ വർഷം മുതലാണ്. ആയതിനാൽ കെട്ടിടത്തിന്റെ കാലപ്പഴക്കം 5 വർഷത്തിൽ കുറവാണ് |

2)SO235/21 നമ്പർ പ്രോജക്ട് പ്രകാരമുള്ള ഗുണഭോക്താവായ ശ്രീമതി സുലോചന, (സുധീഷ് വിലാസം കോവൂർ) സമർപ്പിച്ച അപേക്ഷ പ്രകാരമുള്ള റേഷൻ കാർഡിൽ പ്രസ്തുത വ്യക്തിയുടെ പേര് ഉൾപ്പെട്ടിട്ടില്ല. കൂടാതെ അപേക്ഷയോടൊപ്പം സമർപ്പിച്ച വീടിന്റെ ഉടമസ്ഥാവകാശ സർട്ടിക്കറ്റ്, ജാതി സർട്ടിഫിക്കറ്റ്, പട്ടിക ജാതി വികസന വകുപ്പിൽ നിന്നുള്ള സാക്ഷ്യപത്രം എന്നിവ ഗുണഭോക്താവിന്റെ പേരിലുള്ളതല്ല.

കെട്ടിടത്തിന്റെ കാലപ്പഴക്കം, വിസ്തീർണം എന്നിവ പരിശോധിച്ച ശേഷമാണ് തുക അനുവദിച്ചതെന്നും അധിക മുറി നിർമ്മാണം

നടത്തിയിട്ടില്ല എന്നുമാണ് അറിയിച്ചിട്ടുള്ളത്. കെട്ടിടങ്ങളുടെ വിവരം പഞ്ചായത്തിലെ അസസ്സ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിലെ കാലതാമസം മൂലമാണ് കാലപ്പഴക്കം സഞ്ചയയിൽ തെറ്റായി കാണപ്പെട്ടതെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ, ശ്രീമതി സുലോചന ഹാജരാക്കിയ രേഖകൾ ഭർത്താവിന്റെ പേരിലായതിനാലാണ് തുക നൽകിയതെന്നും അറിയിച്ചിട്ടുണ്ട് (എൻക്വയറി നം .09/20.06.2022). സർക്കാർ ഉത്തരവ് പ്രകാരമുള്ള മാനദണ്ഡങ്ങൾ കൃത്യമായും പാലിച്ച് പദ്ധതി നടപ്പാക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-21 അങ്കണവാടി അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ 31 അങ്കണവാടികളാണ് പ്രവർത്തിക്കുന്നത്. വിവിധ അങ്കണവാടികളിലെ അടിസ്ഥാന സൗകര്യങ്ങളിൽ ചുവടെച്ചേർക്കുന്ന അപര്യാപ്തതകൾ നിലനിൽക്കുന്നുണ്ട്. 02.06.2017 ലെ സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ ഖണ്ഡിക 3.2.1, 3.2.2, 3.2.3, 3.4.2, 3.4.3 എന്നിവ അനുശാസിക്കും പ്രകാരമുള്ള സൗകര്യങ്ങൾ അങ്കണവാടികളിൽ ഒരുക്കേണ്ടതാണ്. മേൽ ഉത്തരവിന്റെ ഖണ്ഡിക 4.2.1. പ്രകാരം ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതികളുടെ നിർവ്വഹണം, അങ്കണവാടികളുടെ പ്രവർത്തനം എന്നിവ മോണിറ്റർ ചെയ്യുകയും ഭാവിയിലെ വികസനത്തിനായി പദ്ധതികൾ തയ്യാറാക്കുകയും അങ്കണവാടികളിലെ ഭൗതികസാഹചര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കുകയും ചെയ്യണം. വിശദാംശം ചുവടെ ചേർക്കുന്നു (അവലംബം എൻക്വയറി നം.10/21.06.2022-ന്റെ മറുപടി)

| ക്രമ നമ്പർ | ഇനം | അംഗനവാടികളുടെ എണ്ണം |
|---|---|---|
| 1 | സ്വന്തമായി കെട്ടിടം ഇല്ലാത്തവ | 10 |
| 2 | വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 10 |
| 3 | ചുറ്റുമതിൽ ഇല്ലാത്തവ | 15 |
| 4 | ഓട്ടോമാറ്റിക് ഗേറ്റ് ഇല്ലാത്തവ | 31 |
| 5 | റോഡിന് സമീപത്ത് അല്ലാത്തവ | 20 |
| 6 | മൂന്നു മുറിയെങ്കിലും ഇല്ലാത്തവ | 10 |
| 7 | ഭിന്നശേഷിക്കാർക്കായി റാമ്പ് ഇല്ലാത്തവ | 31 |
| 8 | ശിശു സൗഹൃദ പെയിന്റിംഗ് ഇല്ലാത്തവ | 10 |
| 9 | സൂപ്പർവൈസറുടെ ഫോൺനമ്പറോടുകൂടിയ നെയിം ബോർഡില്ലാത്തവ | 31 |
| 10 | ഓരോ കുട്ടിക്കും ബേബി ചെയറും മേശയും ഇല്ലാത്തവ | 21 |
| 11 | ഫയൽ റാക്ക് ഇല്ലാത്തവ | 21 |
| 12 | പരാതിപ്പെട്ടി ഇല്ലാത്തവ | 31 |
| 13 | ബെൽ ഇല്ലാത്തവ | 31 |
| 14 | വാട്ടർ പ്യൂരിഫൈയർ ഇല്ലാത്തവ | 31 |

02.06.2017 ലെ സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ ഖണ്ഡിക 3.3.3.1 പ്രകാരം ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും ഐ സി ഡി എസ് സൂപ്പർവൈസർ കൺവീനറായും ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി), ഹെഡ്മാസ്റ്റർ (ജി.എൽ.പി.എസ്), ഒരു അങ്കണവാടി വർക്കർ, വി.ഇ.ഒ, കൃഷി ഓഫീസർ എന്നിവർ അംഗങ്ങളായും ഗ്രാമപ്പഞ്ചായത്തുതല ഐ.സി.ഡി.എസ് കോർഡിനേഷൻ കമ്മിറ്റി രൂപവൽക്കരിക്കേണ്ടതുണ്ട്. ഈ കമ്മിറ്റി രണ്ട് മാസത്തിലൊരിക്കൽ യോഗം ചേർന്ന് അങ്കണവാടികളുടെ പ്രവർത്തനത്തിന്റെ അവലോകനവും മേൽനോട്ടവും നിർവ്വഹിക്കേണ്ടതാണ്. എന്നാൽ ഗ്രാമപ്പഞ്ചായത്തുതല ഐ.സി.ഡി.എസ് കോർഡിനേഷൻ കമ്മിറ്റി നാളിതുവരെ രൂപവത്ക്കരിച്ചിട്ടില്ല. കമ്മിറ്റി രൂപീകരിക്കാനും കൃത്യമായി യോഗം ചേർന്ന് അങ്കണവാടി പ്രവർത്തനം മെച്ചപ്പെടുത്താനും ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-22 മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്- തുക പൂർണമായും അനുവദിച്ചില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | SO070/21 |
| പ്രോജക്ടിന്റെ പേര് | സ്നേഹ സ്പർശം മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പും ബത്തയും |
| നിർവഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

| | |
|---|---|
| അടങ്കൽ | 1083000 (541500വി.ഫ.+270750 ബ്ലോ.പ+270750 ജി.പ) |
| ചെലവ് | 934875 (541500+270750+122625) |

സ.ഉ.(കൈ) നം. 22/2018/തസ്വഭവ, തീ.14.02.2018 സബ്സിഡി മാർഗ്ഗരേഖ പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്കോളർഷിപ്പിനു പുറമെ പ്രതിമാസയാത്രാബത്ത, പഠനസാമഗ്രികൾക്കുള്ള വാർഷിക ബത്ത, പഠനയാത്രക്കായുള്ള വാർഷിക ബത്ത എന്നിവയടക്കം പ്രതിവർഷം 28500 രൂപ അനുവദിക്കാവുന്നതാണ്. എന്നാൽ മേൽ പ്രോജക്ടിൽ ഗുണഭോക്താക്കൾക്ക് തുക പൂർണമായും അനുവദിച്ചു നൽകിയിട്ടില്ല. ജില്ലാ പഞ്ചായത്ത് വിഹിതം പൂർണമായും ലഭിക്കാത്തതിനാലാണ് തുക അനുവദിക്കാത്തത് എന്നാണ് അറിയിച്ചത് (ഓഡിറ്റ് എൻക്വയറി നം.11/21.06.2022ന്റെ മറുപടി). സ.ഉ.(കൈ) നം. 11/2018/തസ്വഭവ, തീ.29.01.2018 പദ്ധതി മാർഗരേഖ ഖണ്ഡിക 5.2.1(4)] പ്രകാരം വികസന ഫണ്ടിൽ നിന്നും നിർബന്ധമായി നീക്കി വെക്കേണ്ട ഇനമാണ് ഭിന്ന ശേഷിയുള്ളവർക്ക് സ്കോളർഷിപ്പും ബത്തയും. തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പിന്റെ 21.04.21-ലെ ഡി എ 1/401/2019-നമ്പർ സർക്കുലർ പ്രകാരം മേൽ പദ്ധതിയ്ക്കായി ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 25.01.19- ലെ ഡി.എ.1/19/2019/തസ്വഭവ നം. സർക്കുലർ പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് മുഴുവൻ സ്കോളർഷിപ്പും ബത്തയും എല്ലാ മാസവും കൃത്യമായി നൽകുന്നതിനും സാമൂഹ്യ സുരക്ഷാ മിഷന്റെ കൈവശമുള്ള ഇത്തരം വിഭാഗക്കാരായ കുട്ടികളുടെ വിവരങ്ങൾ ഐ.സി.ഡി.എസ് സൂപ്പർവൈസർ മുഖേന പഞ്ചായത്തിന് കൈമാറുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ പദ്ധതിക്കായി മതിയായ തുക മാറ്റിവെക്കുന്നുണ്ടെന്ന് ഐ.സി.ഡി.എസ് സൂപ്പർവൈസർ /സി.ഡി.പി.ഒ എന്നിവർ ഉറപ്പുവരുത്തേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് അർഹമായ മുഴുവൻ തുകയും വിതരണം ചെയ്യാൻ നിർവ്വഹണാധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 വയോജനങ്ങൾക്ക് പകൽ വീട് പ്രവർത്തനങ്ങൾ - ഗുണഭോക്തൃ തെരെഞ്ഞെടുപ്പിൽ അപാകം

| | |
|---|---|
| പ്രോജക്ട് നമ്പർ | 73/21 |
| പ്രോജക്ടിന്റെ പേര് | വയോജനങ്ങൾക്ക് പകൽ വീട് പ്രവർത്തനങ്ങൾ (ജനറൽ) |
| നിർവഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ | 200000(വി.ഫ) |
| ചെലവ് | 141750 |

പകൽ വീട് നടത്തിപ്പുമായി ബന്ധപ്പെട്ടാണ് മേൽ പദ്ധതി രൂപീകരിച്ചത്. അംഗീകൃത പ്രോജക്ടിൽ പദ്ധതി എപ്രകാരമാണ് നടപ്പാക്കുന്നത് എന്ന് വ്യക്തമാക്കിയിട്ടില്ല. 2020 ഏപ്രിൽ, മെയ് മാസങ്ങളിൽ പകൽ വീട് പ്രവർത്തനവുമായി ബന്ധപ്പെട്ട് ഭക്ഷണം പാചകം ചെയ്ത് വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത പദ്ധതിയുടെ ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ കോവിഡ് പശ്ചാത്തലത്തിൽ പാചകം ചെയ്ത ഭക്ഷണം വീടുകളിൽ എത്തിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2019-20 വർഷത്തിൽ പകൽ വീടിൽ എത്തിയിരുന്ന 25 അർഹരായ വ്യക്തികളിൽ മറ്റ് പദ്ധതി പ്രകാരം ഭക്ഷണം ലഭിക്കാത്ത വ്യക്തികൾക്കാണ് ഭക്ഷണ വിതരണം നടത്തിയത് എന്നാണ് അറിയിച്ചിട്ടുള്ളത്(എൻക്വയറി നം.17/22.06.2022 ന് ലഭിച്ച മറുപടി). വ്യക്തിഗത ആനുകൂല്യം നൽകുന്ന പദ്ധതികളിൽ അംഗീകൃത ഗുണഭോക്തൃലിസ്റ്റ് പ്രകാരം പദ്ധതി നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 അങ്കണവാടികൾ ഹൈടെക്കാക്കൽ- പ്രൊക്യൂർമെന്റ് നടപടികളിൽ അപാകം

| | |
|---|---|
| പ്രോജക്ട് നമ്പർ | S0156/21 |
| പ്രോജക്ടിന്റെ പേര് | അങ്കണവാടികൾ ഹൈടെക്കാക്കൽ |
| നിർവഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ | 430000(ധ.ഗ്രാ) |
| ചെലവ് | 424542 |
| ബിൽ നമ്പർ | 4, 5/11.04.20(197400+227142) |

2018-19 വർഷം നടപ്പാക്കുന്നതിനായി അംഗീകാരം ലഭിച്ച മേൽ പ്രോജക്ട് (പ്രോ നം.74/19) 2019-20, 20-21 വർഷങ്ങളിൽ സ്പിൽ ഓവറായാണ് നടപ്പാക്കിയത്. ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളിൽ ഹൈടെക് സൗകര്യം ഒരുക്കുന്നതിനായാണ് പദ്ധതി വിഭാവനം ചെയ്തത്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)സ.ഉ(അ).80/2017/തസ്വഭവ തീ.03.04.2017 പ്രകാരം സ്പിൽ ഓവർ പ്രോജക്ടുകൾ അതത് വർഷം പൂർത്തീകരിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2018-19 വർഷത്തെ മേൽ പ്രോജക്ട് (പ്രോ നം.74/19) 2019-20 വർഷത്തിൽ സ്പിൽ ഓവറായി പൂർത്തീകരിക്കാതെ 2020-21 വർഷത്തിലാണ് നടപ്പാക്കിയിട്ടുള്ളത്.

2)2018-19 വർഷമാണ് അങ്കണവാടികളിൽ ഫർണിച്ചർ വാങ്ങുന്നതിനായി ടെൻഡർ ക്ഷണിച്ചത്(12.10.2018). കൂടാതെ 2019-20 വർഷത്തിൽ റീടെൻഡറും (01.08.2019) നടപ്പാക്കിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ വിവിധ തടികളിലുള്ള ഫർണിച്ചർ ക്വാട്ട് ചെയ്ത് കൊണ്ട് 4 സ്ഥാപനങ്ങളാണ് ടെൻഡർ സമർപ്പിച്ചിട്ടുള്ളത്. ഇതിൽ ഗോകുലം ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിനാണ് ടെൻഡർ

അനുവദിച്ച നൽകിയത്. പ്രസ്തുത സ്ഥാപനത്തെ തെരെഞ്ഞെടുത്തതിന്റെ കാരണം, വാങ്ങൽ നടത്തുന്നതിനായി തെരഞ്ഞെടുത്ത ഇനം (തടി) എന്നിവ ഫയലിൽ വ്യക്തമാക്കിയിട്ടില്ല. ഫർണിച്ചർ സാമ്പിൾ പരിശോധന റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. കൂടാതെ, പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിറ്റ്സിൽ പ്രസ്തുത വിഷയം സംബന്ധിച്ച് രേഖപ്പെടുത്തൽ ഇല്ല.

3)പ്രോജക്ട് പ്രകാരം സിഡ്കോയിൽ നിന്നും 34 സ്റ്റഡി ടേബിളും 34 കസേരകളും 227142/- രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്(പ്രൊ ഇൻ നം. SSETVM/PR.INV/19-20/0598). സിഡ്കോ സമർപ്പിച്ച ടാക്സ് ഇൻവോയ്സ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. സിഡ്കോയിൽ നിന്നും ഫർണിച്ചർ വാങ്ങുന്നതിനായി ഗ്രാമപഞ്ചായത്ത് കമ്മിറ്റി/പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനിച്ചതിന്റെ രേഖകൾ ഫയലിലോ മിനിറ്റ്സിലോ ഉൾപ്പെടുത്തിയിട്ടില്ല. ടെൻഡർ നടപ്പാക്കിയ ശേഷം ഭാഗികമായ ഇനങ്ങൾ സിഡ്കോയിൽ നിന്നും വാങ്ങിയതിന്റെ കാരണം ഗ്രാമപഞ്ചായത്ത് കമ്മിറ്റി/പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിറ്റ്സിൽ വ്യക്തമാക്കിയിട്ടില്ല.

2018-19 വർഷങ്ങളിൽ വാങ്ങൽ നടത്തുന്നതിനായി നിശ്ചയിച്ച ഇനങ്ങളിൽ മാറ്റങ്ങൾ വരുത്തിയതിനാലാണ് പദ്ധതി നടത്തിപ്പിൽ കാലതാമസം നേരിട്ടത് എന്നാണ് അറിയിച്ചിട്ടുള്ളത്. കൂടാതെ കോവിഡ് സാഹചര്യത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് സാധനങ്ങൾ വാങ്ങിയത് എന്നാണ് അറിയിച്ചിട്ടുള്ളത്. (ഓഡിറ്റ് എൻക്വയറി നം.16/22.06.2022 നല്ല മറുപടി). തദ്ദേശഭരണ സ്ഥാപനങ്ങളുടെ സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗരേഖ പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ച് പദ്ധതി നടപ്പാക്കേണ്ടതാണ്.

## 1-25 പഞ്ചായത്ത് ഓഫീസിലേയ്ക്ക് പമ്പ് സെറ്റ് വാങ്ങൽ - പ്രൊക്യൂർമെന്റ് നടപടികൾ പാലിച്ചില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | SO210/21 |
| പ്രോജക്ടിന്റെ പേര് | പഞ്ചായത്ത് ഓഫീസിലേയ്ക്ക് പമ്പ് സെറ്റ് വാങ്ങൽ |
| നിർവഹണം | സെക്രട്ടറി |
| അടങ്കൽ | 30000(ത.ഫ) |
| ചെലവ് | 30000 |
| ബിൽ | 497/23.03.2021 |

2019-20 വർഷം സ്പിൽ ഓവറായാണ് പദ്ധതി നടപ്പാക്കിയത്. പമ്പ് സെറ്റ് വാങ്ങുന്നതിനായി ഗ്രാമപഞ്ചായത്ത് ലിമിറ്റഡ് ടെൻഡർ ക്ഷണിക്കുകയും(15.11.2019) ടെൻഡർ സമർപ്പിച്ച 3 സ്ഥാപനങ്ങളിൽ ഏറ്റവും കുറവ് തുക രേഖപ്പെടുത്തിയ(20941/-) റ്റി.എസ് ഇലക്ട്രിക്കൽസ് നരിക്കൽ എന്ന സ്ഥാപനത്തിന്റെ ടെൻഡർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്(09.12.2019 ലെ 1/6-ാം നമ്പർ ജനറൽ കമ്മിറ്റി തീരുമാനം). എന്നാൽ സ്ഥാപനം പമ്പ് സെറ്റ് ലഭ്യമാക്കിയിട്ടില്ല എന്ന കാരണത്താൽ വിജയ പ്ലംബിംഗ് ആന്റ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നും 34840/- രൂപയ്ക്ക് (ഇൻ നം.11544/18.03.2021)നേരിട്ട് പമ്പ് സെറ്റ് വാങ്ങിയതായാണ് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്(09.03.2021 ലെ 1(4) ജനറൽ കമ്മിറ്റി തീരുമാനം). റ്റി.എസ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനം ഗ്രാമപഞ്ചായത്തുമായി യഥാസമയം കരാർ ചമയ്ക്കാത്ത സാഹചര്യത്തിൽ ടെൻഡർ റദ്ദ് ചെയ്ത് രണ്ടാമത് കുറവ് തുക ക്വാട്ട് ചെയ്ത സ്ഥാപനത്തിന്റെ (ബിസ്മി ട്രേഡേഴ്സ് നരിക്കൽ 21865/-) ടെൻഡർ അംഗീകരിച്ച് പർച്ചേസ് ഓർഡർ നൽകാത്തതും റീടെൻഡർ നടപ്പാക്കാത്തതും ഗ്രാമപഞ്ചാത്തിന്റെ ഭാഗത്തെ വീഴ്ചയാണ്. ഇത് സംബന്ധിച്ച് പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്സിൽ രേഖപ്പെടുത്തൽ ഇല്ല. അടിയന്തിര സാഹചര്യം കണക്കിലെടുത്താണ് വിജയ പ്ലംബിംഗ് ആന്റ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നും 34840/- രൂപയ്ക്ക് (ഇൻ നം.11544/18.03.2021)നേരിട്ട് പമ്പ് സെറ്റ് വാങ്ങിയതെന്നാണ് ഓഡിറ്റ് എൻക്വയറിയുടെ (നം.19/22.06.2022)മറുപടിയിൽ അറിയിച്ചിട്ടുള്ളത്. 15.11.2019ടെൻഡർ നടപ്പാക്കിയ പ്രവൃത്തിയുടെ തുടർ നടപടികൾ സ്വീകരിക്കാതെ 18.03.2021 ൽ അംഗീകൃത ടെൻഡറിനേക്കാൾ ഉയർന്ന നിരക്കിൽ പമ്പ് സെറ്റ് വാങ്ങിയത് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തെ വീഴ്ചയാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗരേഖ പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ച് പദ്ധതി നടപ്പാക്കേണ്ടതാണ്.

## 1-26 തെരുവ് വിളക്ക് വാങ്ങൽ - രേഖകൾ ഹാജരാക്കിയില്ല 920927/- രൂപ തടസപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | SO173/21 |
| പ്രോജക്ടിന്റെ പേര് | തെരുവ് വിളക്ക് പരിപാലനം |
| നിർവഹണം | സെക്രട്ടറി |
| അടങ്കൽ | 1203603(756853 ധ.ഗ്രാ+446750ത.ഫ) |
| ചെലവ് | 920927(756483+164444) |
| ബിൽ നമ്പർ | 756483(8/11.04.20),164444(261/31.10.20) |

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ തെരുവ് വിളക്കുകൾ വാങ്ങി സ്ഥാപിക്കുന്നതിനാണ് മേൽ പ്രോജക്ട് വിഭാവനം ചെയ്തത്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) തെരുവ് വിളക്കുകൾ വാങ്ങി സ്ഥാപിച്ച ഇനത്തിൽ ബിൽ നം.8/11.04.20, 261/31.10.2020 എന്നിവ പ്രകാരം KREWS ന്(കേരള റൂറൽ എംപ്ലോയ്മെന്റ് & വെൽഫെയർ സൊസൈറ്റി ) 920927/- രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ 756483/- രൂപയുടെ ഇൻവോയ്സ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ തെരുവ് വിളക്കുകൾ വാങ്ങിയതിന്റെ കണക്കുകൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2) തെരുവിളക്കുകൾ സ്ഥാപിച്ചതിന്റെ സർവ്വീസ് ചാർജ്ജ് ഇനത്തിൽ 164444/- രൂപ KREWS ന് അനുവദിച്ചിട്ടുണ്ട്. എന്നാൽ തെരുവിളക്കുകൾ സ്ഥാപിച്ചതിന്റെ ഇൻസ്റ്റലേഷൻ റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3)2010-ലെ പ്രൊക്യൂർമെന്റ് മാനുവൽ പ്രകാരം സാമ്പത്തിക വർഷാരംഭത്തിൽ തന്നെ ആ വർഷം വാങ്ങേണ്ട സാധനങ്ങളുടെ ആവശ്യകതയും എണ്ണവും ഇനവും നിശ്ചയിക്കേണ്ടതും അതിന്റെയടിസ്ഥാനത്തിൽ വാങ്ങലുകൾ നടത്തേണ്ടതുമാണ്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 07.07.2010-ലെ 43472/ഡി.സി.3 സർക്കുലർ പ്രകാരം ഓരോ മീറ്ററിംഗ് പോയിന്റിനും പ്രത്യേക കൺസ്യൂമർ നമ്പർ നൽകണമെന്ന് നിർദേശിച്ചിട്ടുണ്ട്. കൂടാതെ, 17-08-2015 ലെ ജി.2/44274/15 ാം നമ്പറായി പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശത്തിൽ ഗ്രാമപഞ്ചായത്തിലെ മുഴുവൻ തെരുവ് വിളക്കുകളുടേയും വിവരങ്ങൾ പോസ്റ്റ് നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തി വാർഡിസ്ഥാനത്തിലുള്ള ഒരു രജിസ്റ്റർ തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ മേൽ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ രജിസ്റ്ററിൽ 2020-21 വർഷം വിതരണം ചെയ്ത തെരുവ് വിളക്കുകളുടെ എണ്ണം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കൂടാതെ, കേടായ സാധനങ്ങളുടെ വിവരം അതത് ദിവസം രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ രേഖപ്പെടുത്തണമെന്നും ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്ക് മെയിന്റനൻസ് രജിസ്റ്റർ പരിപാലിക്കണമെന്നുമുള്ള മേൽ ഉത്തരവ് പ്രകാരമുള്ള മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 23/23.06.2022 നുള്ള മറുപടിയിൽ രേഖകൾ വാങ്ങി സൂക്ഷിക്കുന്നതിനും രജിസ്റ്ററുകൾ പരിപാലിക്കുന്നതിനും നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. രേഖകളുടെ അഭാവത്തിൽ 920927/- രൂപ തടസപ്പെടുത്തുന്നു. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 16.09.2011ലെ 3055/ഡി.എ.3/2011/തസ്വഭവ, 29.05.2018 ലെ 269/ഡി.എ3/2018/തസ്വഭവ സർക്കുലറുകളിലെ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതുമാണ്.

## 1-27 തെരുവ് വിളക്ക് മെയിന്റനൻസ് - രേഖകൾ ഹാജരാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | S0075/21 |
| പ്രോജക്ടിന്റെ പേര് | തെരുവ് വിളക്ക് പരിപാലനം |
| നിർവഹണം | സെക്രട്ടറി |
| അടങ്കൽ | 1507000(1007000 ധ.ഗ്രാ + 500000ത.ഫ) |
| ചെലവ് | 1209967(1007000+202967) |

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകൾ അറ്റകുറ്റപ്പണി നടത്തുന്നതിനാണ് മേൽ പ്രോജക്ട് വിഭാവനം ചെയ്തത്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)17-08-2015 ലെ ജി.2/44274/15 ാം നമ്പറായി പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശത്തിൽ ഗ്രാമപഞ്ചായത്തിലെ മുഴുവൻ തെരുവ് വിളക്കുകളുടേയും വിവരങ്ങൾ പോസ്റ്റ് നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തി ഒരു രജിസ്റ്റർ തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ, കേടായ സാധനങ്ങളുടെ വിവരം അതത് ദിവസം രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ രേഖപ്പെടുത്തണമെന്നും ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്ക് മെയിന്റനൻസ് രജിസ്റ്റർ പരിപാലിക്കണമെന്നും പ്രസ്തുത മാർഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് , മെയിന്റനൻസ് രജിസ്റ്റർ(അപൂർണമായ റിപ്പോർട്ട് മാത്രം ഹാജരാക്കി), പരാതി രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2)ശ്രീ സുജീഷ് , ശ്രീ ഹരീഷ് എന്നീ കരാറുകാരാണ് 2020-21 വർഷത്തിൽ മെയിന്റനൻസ് പ്രവൃത്തി ഏറ്റെടുത്തത്. പ്രസ്തുത കരാറുകാരുടെ നിയമനവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 07.11.2017ലെ 177/ഡി.എ.3/2017/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം തെരുവ് വിളക്ക് പരിപാലനം നടത്തുന്നതിന് കോൺട്രാക്ട് ഏറ്റെടുക്കുന്നവർക്ക് സൂപ്പർവൈസറി ലൈസൻസും ബി ക്ലാസ്സ് ലൈസൻസും തൊഴിലാളിക്ക് ഇലക്ട്രീഷ്യൻ ലൈസൻസും ഉണ്ടായിരിക്കേണ്ടതാണ്. കൂടാതെ തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട കരാറുകാരിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത കരാറുകാരന്റെ ലൈസൻസ് വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. കൂടാതെ മേൽ കരാറുകാരിൽ നിന്നും സെക്യൂരിറ്റി ഡിപ്പോസിറ്റ് ഈടാക്കിയതിന്റെ രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3)ധനകാര്യവകുപ്പിന്റെ 01.03.2019 ലെ 18/19/ധന നമ്പർ സർക്കുലർ പ്രകാരം ജിഎസ് ടി രജിസ്ട്രേഷൻ ഉള്ളവർക്ക് മാത്രമേ ടെണ്ടറിൽ പങ്കെടുക്കാനാവൂ. ഇപ്രകാരം ജി എസ് ടി രജിസ്ട്രേഷൻ ഉള്ളവർ സാധനങ്ങളോ സേവനങ്ങളോ നല്കി കഴിഞ്ഞാൽ ജിഎസ് ടി നിയമം 2017 വകുപ്പ് 31 പ്രകാരം ജി എസ് ടി ഇൻവോയ്സ് നല്കേണ്ടതുണ്ട്. എന്നാൽ പ്രസ്തുത ഇൻവോയ്സ് ഇല്ലാതെയാണ് ഗ്രാമപഞ്ചായത്ത് കരാറുകാരന് തുക നല്കിയിട്ടുള്ളത്.

4)ഗ്രാമപഞ്ചായത്തിലെ കേടായ തെരുവ് വിളക്കുകളിൽ വാറന്റി കാലാവധിയുള്ള തെരുവ് വിളക്കുകൾ കരാറുകാരൻ ഗ്രാമപഞ്ചായത്തിൽ തിരികെ ലഭ്യമാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

5)തെരുവ് വിളക്ക് മെയിന്റനൻസുമായി ബന്ധപ്പെട്ട് വാഹനത്തിന്റെ വാടകയിനത്തിൽ തുക നൽകുമ്പോൾ ട്രിപ്പ് ഷീറ്റിൽ വിവരങ്ങൾ പൂർണമായും ഉൾപ്പെടുത്തുന്നില്ല. ഉദാഹരണമായി ബിൽ നം.279/10.11.2020 പ്രകാരം വാഹന വാടകയിനത്തിൽ ശ്രീ സുരേഷ് ബാബു എന്ന വ്യക്തിക്ക് 17100/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ, വിവിധ ദിവസങ്ങളിലെ ട്രിപ്പ് ഷീറ്റിൽ തീയതി, സമയം, ആകെ സഞ്ചരിച്ച ദൂരം തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ നിർവഹണ ഉദ്യോഗസ്ഥൻ ആയത് പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

തെരുവ് വിളക്ക് പരിപാലന റിപ്പോർട്ട് വാർഡ് മെമ്പർ, മോണിറ്ററിംഗ് കമ്മിറ്റി എന്നിവർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല. ഉദാഹരണമായി വാർഡ് നം.18 തീ.23.01.2021, വാർഡ് നം.16 തീ.21.01.2021.

6)05.09.2011-ലെ സർക്കുലർ നം.3055/ഡി.എസ്.3/2011/തസ്വഭവ പ്രകാരം തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നത് കെ.എസ്.ഇ.ബി-യുടെ മേൽനോട്ടത്തിലും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലുമായിരിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ കെ.എസ്.ഇ.ബി മേൽനോട്ടം വഹിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.24/23.06.2022 നുള്ള മറുപടിയിൽ, രേഖകൾ ലഭ്യമാക്കുന്നതിനും രജിസ്റ്ററുകൾ പരിപാലിക്കുന്നതിനും നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 16.09.2011ലെ 3055/ഡി.എ.3 /2011/തസ്വഭവ, 29.05.2018 ലെ 269/ഡി.എ3/2018/തസ്വഭവ സർക്കുലറുകളിലെ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതുമാണ്.

## 1-28 വരൾച്ചാ ദുരിതാശ്വാസ പദ്ധതി- കുടിവെള്ള വിതരണത്തിന്റെ രേഖകൾ പൊരുത്തപ്പെടുന്നില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | S0064/21 |
| പ്രോജക്ടിന്റെ പേര് | വരൾച്ചാ ദുരിതാശ്വാസ പദ്ധതി കുടിവെള്ളവിതരണം |
| നിർവഹണം | സെക്രട്ടറി |
| അടങ്കൽ | 300000(ത.ഫ) |
| ചെലവ് | 258327 |

കുടിവെള്ളക്ഷാമം നേരിടുന്ന വിവിധ വാർഡുകളിൽ, വാട്ടർ അതോറിറ്റി അംഗീകാരമുള്ള ജലസ്രോതസുകളിൽ നിന്നും കുടിവെള്ളം എത്തിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമാണ് മേൽ പദ്ധതി വിഭാവനം ചെയ്തത്. കുടിവെള്ള വിതരണത്തിനായി ഗ്രാമപഞ്ചായത്ത് ക്വട്ടേഷൻ ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ ശ്രീ.മനോഷ് കുമാർ, ദ്വാരക എന്ന വ്യക്തിയുടെ ക്വട്ടേഷൻ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട് അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗരേഖ പ്രകാരം (ജി.ഒ(പി)നം.259/2010 /തസ്വഭവ തീ.08.11.2010) മതിപ്പുവില ഒരു ലക്ഷത്തിൽ കൂടുതൽ വരുന്ന സാധനങ്ങൾക്കും സേവനങ്ങൾക്കും ഓപ്പൺ ടെൻഡർ സംവിധാനം നടപ്പാക്കേണ്ടതാണ്. എന്നാൽ മൂന്ന് ലക്ഷം രൂപ വകയിരുത്തിയ മേൽ പ്രോജക്ടിനായി ക്വട്ടേഷനാണ് ക്ഷണിച്ചിട്ടുള്ളത്.

2)കുടിവെള്ള വിതരണം നടത്തിയ രജി. നം. KL02 AB 8098 പ്രകാരമുള്ള വാഹനത്തിൽ 29.04.2020 തീയതിയിൽ 7.15 Am മുതൽ 6.20 Pm വരെ 7 ട്രിപ്പുകളിലായി കുടിവെള്ളം വിതരണം ചെയ്തതിന്റെ അടിസ്ഥാനത്തിൽ തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ ജി.പി.എസ് ട്രിപ് റിപ്പോർട്ടിൽ പ്രസ്തുത ദിവസം 10.14 Am വരെയുള്ള വിതരണത്തിന്റെ വിവരം മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്.

കുടിവെള്ള വിതരണത്തിന്റെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്താണ് ക്വട്ടേഷൻ നടപ്പാക്കിയതെന്നും ട്രിപ്പ് ഷീറ്റ് പരിശോധിച്ച് ബോധ്യപ്പെട്ട ശേഷമാണ് തുക അനുവദിച്ചത് എന്നുമാണ് അറിയിച്ചിട്ടുള്ളത് (ഓഡിറ്റ് എൻക്വയറി നം.25/23.06.2022 ന് ലഭിച്ച മറുപടി). തദ്ദേശഭരണ സ്ഥാപനങ്ങളുടെ സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗരേഖ പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ച് പദ്ധതി നടപ്പാക്കേണ്ടതും രേഖകൾ ഫയലിൽ കൃത്യമായും സൂക്ഷിക്കേണ്ടതുമാണ്.

## 1-29 എസ്.എസ്.എ വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

1000000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| പ്രോജക്ട് നമ്പർ | SO009/21 | SO010/21 |
|---|---|---|
| പ്രോജക്ടിന്റെ പേര് | എസ്.എസ്.എ വിഹിതം നൽകൽ | എസ്.എസ്.എ വിഹിതം നൽകൽ |
| നിർവഹണം | സെക്രട്ടറി | സെക്രട്ടറി |
| അടങ്കൽ | 500000(വി.ഫ) | 500000(വി.ഫ എസ്.സി.പി) |
| ചെലവ് | 500000 | 500000 |
| ബിൽ | 66/05.05.2020 | 67/05.05.2020 |

മേൽ പ്രോജക്ടുകൾ പ്രകാരം എസ്.എസ്.കെ ജില്ലാ പ്രോജക്ട് ഓഫീസറിന് അനുവദിച്ച നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി നം. 19/22.06.2022 ന് ലഭിച്ച മറുപടിയിൽ അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ 1000000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-30 ആയുർവേദ ആശുപത്രി റീ ഇലക്ട്രിഫിക്കേഷൻ - ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല -160970/- രൂപ തടസപ്പെടുത്തുന്നു

| പ്രോജക്ട് നമ്പർ | SO177/21 |
|---|---|
| പ്രോജക്ടിന്റെ പേര് | ആയുർവേദ ആശുപത്രി റീ ഇലക്ട്രിഫിക്കേഷൻ |
| നിർവഹണം | സെക്രട്ടറി |
| അടങ്കൽ | 200000(ധ.ഗ്രാന്റ്) |
| ചെലവ് | 160970 |
| ബിൽ | 13/11.04.2020 |

മേൽ പ്രോജക്ടിന്റെ ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. പ്രസ്തുത ഫയൽ ഹാജരാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് റിക്വിസിഷൻ (നമ്പർ.02/24.06.2022) നൽകിയെങ്കിലും ഫയൽ ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 160970/- രൂപ തടസപ്പെടുത്തുന്നു.

## 1-31 സ്മാർട്ട് സ്കൂൾ പദ്ധതിക്കായുള്ള കമ്പ്യൂട്ടറുകളും പ്രൊജക്ടറുകളും നാളിതുവരെ ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | S0179/21 |
| പ്രോജക്ടിന്റെ പേര് | സ്മാർട്ട് സ്കൂൾ പദ്ധതി |
| അടങ്കൽ | 1500000 (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് | 1494915 |
| നിർവ്വഹണം | എച്ച്.എം. |

ഗവ:എൽ.പി.എസ് പനയറ, ഗവ:എൽ.പി.എസ് ശ്രീനിവാസപുരം, ഗവ:എൽ.പി.എസ് മുത്താന എന്നീ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂമുകൾക്കായി ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾ, ലാപ് ടോപ്പുകൾ, പ്രൊജക്ടറുകൾ, ഫർണിച്ചർ എന്നിവ വാങ്ങുന്നതിനായി വിഭാവനം ചെയ്തതാണ് മേൽ പ്രോജക്ട്.

എ) പ്രോജക്ടിൽ ഗവ:എൽ.പി.എസ് പനയറ, ഗവ:എൽ.പി.എസ് ശ്രീനിവാസപുരം, ഗവ:എൽ.പി.എസ് മുത്താന എന്നീ സ്കൂളുകൾക്കായിട്ടാണ് സ്മാർട്ട് സ്കൂൾ പദ്ധതി വിഭാവനം ചെയ്തിരുന്നത്. എന്നാൽ A.M L.P.S കോവൂർ, R.K.M U.P.S മുത്താന, S.N.V L.P.S ചെമ്മരുതി, S.N.V H.S.S പനയറ എന്നീ എയ്ഡഡ് സ്കൂളുകൾക്ക് കൂടി ബുക്ക് ഷെൽഫ് നല്കി.

പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനപ്രകാരമാണ് പ്രസ്തുത സ്കൂളുകളെ കൂടി ഉൾപ്പെടുത്തിയതെന്ന് വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 34/24.06.2022ന്റെ മറുപടി). പഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥാപനങ്ങൾക്ക് പ്രഥമ പരിഗണന നല്കാൻ ശ്രദ്ധിക്കേണ്ടതാണ് [സ.ഉ.നം. (എം.എസ്.)11/2018 തീയതി 29.01.2018 ഖണ്ഡിക 7.6.8].

ബി) കമ്പ്യൂട്ടറുകൾ, ലാപ് ടോപ്പുകൾ, പ്രൊജക്ടറുകൾ എന്നിവയ്ക്കായി 799356/- രൂപ(ബിൽനമ്പർ 16/11.04.20 തുക 92358, 17/11.04.20 തുക 236536, 18/11.04.20 തുക 470462) Keltronന് നൽകിയിരുന്നു. എന്നാൽ, കമ്പ്യൂട്ടറുകൾ, ലാപ് ടോപ്പുകൾ, പ്രൊജക്ടറുകൾ എന്നിവ Keltron ൽ നിന്നും നാളിതുവരെ ലഭിച്ചിട്ടില്ല.

പ്രസ്തുത ഉപകരണങ്ങൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-32 പാർട്ട് ബില്ലുകളിൽ നിന്നും റിടെൻഷൻ തുക ഈടാക്കിയില്ല.

സർക്കാർ ഉത്തരവ് (പി) നം 429/15 ഫിൻ തീയതി 28.9.2015 പ്രകാരം പാർട്ട് ബിൽ നൽകുമ്പോൾ, ബിൽ തുകയിൽ നിന്നും 2.5% റിടെൻഷൻ പിടിച്ച് പെർഫോമൻസ് സെക്യൂരിറ്റി ഡെപ്പോസിറ്റായി സൂക്ഷിക്കണം. എന്നാൽ ചുവടെ ചേർക്കുന്ന പ്രവൃത്തികളുടെ പാർട്ട്ബില്ലിൽ നിന്നും റിടെൻഷൻ തുക ഈടാക്കിയില്ല.

| | | |
|---|---|---|
| പദ്ധതിയുടെ പേര് | 1)മിനി കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം | 1) ഗവ.എൽ.പി സ്കൂളുകൾക്ക് സ്മാർട്ട് ക്ലാസ് റൂം അധിക സൗകര്യം ഒരുക്കുക |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നമ്പർ | 185/21(SO) | 203/21(SO) |
| അടങ്കൽ | 15,00,000/-(1000000 വി ഫ ജ, 500000 തനത്ഫണ്ട്) | 9,00,000/-ധനകാര്യകമ്മീഷൻ അവാർഡ് |
| ചെലവ് | 14,95,196/-(1000000 വി ഫ ജ, 495196 തനത്ഫണ്ട്) | 800954/- |
| എം.ബുക്ക് നമ്പർ | 163/19-20 | 267/20-21 |
| റ്റി എസ് നമ്പർ | 71175/19-20 | 71175/19-20 |
| പാർട്ട് ബിൽ തുക/നമ്പർ | 1000000/-41/11.4.20 | 600000/-82/20.5.20 |

റിടെൻഷൻ തുക ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 14/22.6.22 ന് ലഭ്യമാക്കിയ മറുപടിയിൽ കരാറുകാർക്ക് ആദ്യ പാർട്ട് ബിൽ നൽകിയപ്പോൾ നൽകേണ്ടിയിരുന്ന മുഴുവൻ തുകയും നൽകാത്തതിനാലാണ് റിടെൻഷൻ ഈടാക്കാത്തത് എന്ന് വിശദീകരിച്ചിട്ടുണ്ട്. കരാറുകാർക്ക് നൽകിയ തുകയുടെ 2.5% റിടെൻഷൻ തുക ഈടാക്കേണ്ടതായിരുന്നു. പാർട്ട് ബില്ലുകൾ നൽകുമ്പോൾ റിടെൻഷൻ തുക കൃത്യമായി ഈടാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-33 ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടാത്ത ഗ്രന്ഥശാലയിൽ മെയിന്റനൻസ് പ്രവർത്തനങ്ങൾക്കായി തുക ചെലവാക്കി

| | |
|---|---|
| പദ്ധതിയുടെ പേര് | ഗ്രന്ഥശാലാ മെയിന്റനൻസ് പദ്ധതി |

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നമ്പർ | 47/21 |
| അടങ്കൽ | 268500/- മെയിന്റനൻസ് ഫണ്ട് റോഡിതരം |
| ചെലവ് | 174737/- (Ist Part Bill) |
| എം.ബുക്ക് നമ്പർ | 235/20-21 |
| റ്റി എസ് നമ്പർ | 71229/20-21 |
| കരാറുകാരൻ | നിഖിൽ കേരളീയൻ |
| ബിൽ തുക/നമ്പർ | 506/24.3.21 |

2020-21 വർഷം ഗ്രന്ഥശാലാ മെയിന്റനൻസിനായി 174737/- രൂപയുടെ പാർട്ട് ബിൽ നൽകിയിട്ടുണ്ട്. 2021-22 വർഷം 93103/-രൂപയും (ഫൈനൽ ബിൽ നം500/16.3.22) പ്രസ്തുത പദ്ധതിക്കായി ചെലവാക്കിയിട്ടുണ്ട്. പദ്ധതി രൂപീകരണ ഫോറത്തിൽ ഗ്രന്ഥശാലയുടെ പേരോ മറ്റ് വിവരങ്ങളോ രേഖപ്പെടുത്തിയിട്ടില്ല. 24.6.22 ന് നടത്തിയ സൈറ്റ് പരിശോധനയിൽ പനയറ കലാപോഷിണി ഗ്രന്ഥശാലയിലാണ് നിർമ്മാണം നടത്തിയിരിക്കുന്നതെന്ന് വ്യക്തമായിട്ടുണ്ട്. പദ്ധതി രൂപീകരണ ഫോറത്തിൽ ആസ്തി യുണീക് നമ്പരായി 122500106800000003 എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആസ്തി രജിസ്റ്ററിൽ പ്രസ്തുത ഗ്രന്ഥശാലയുടെ വിവരം ഉൾപ്പെട്ടിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടാത്ത സ്ഥാപനത്തിൽ നിർമ്മാണപ്രവർത്തനങ്ങൾ നടത്തിയതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 51/27.6.22 ന് ലഭ്യമാക്കിയ മറുപടിയിൽ കേരള സംസ്ഥാന ലൈബ്രറി കൌൺസിലിന്റെ അംഗീകാരമുള്ള ഗ്രന്ഥശാലയായതിനാൽ പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തോടെയാണ് മെയിന്റനൻസ് നിർവ്വഹിച്ചതെന്ന് വിശദീകരിച്ചിട്ടുണ്ട്. പ്രസ്തുത മറുപടി അംഗീകരിക്കുവാൻ സാധിക്കുകയില്ല. പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ട മറ്റു ഗ്രന്ഥശാലകളുടെ മെയിന്റനൻസിന് മുൻഗണന നൽകിയിട്ടില്ല. പഞ്ചായത്തിനു കീഴിലെ തോക്കാട് സാംസ്കാരിക നിലയം ഡിജിറ്റൽ ലൈബ്രറി 24.6.22ന് ഓഡിറ്റ് ടീം സന്ദർശിച്ചിരുന്നു. ചുറ്റുമതിൽ ഇല്ലാത്ത കെട്ടിടത്തിലെ വയറിംഗ് വളരെ പഴക്കമുള്ളതും മുകൾഭാഗത്തെ ഷീറ്റിന് ചോർച്ചയുള്ളതായും കാണപ്പെട്ടു. ആയതിനാൽ പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ട ലൈബ്രറിയുടെ മെയിന്റനൻസിന് മുൻഗണന നൽകാതെ ആസ്തിയിൽ ഉൾപ്പെടാത്ത സ്ഥാപനത്തിൽ നിർമ്മാണപ്രവർത്തനങ്ങൾ നടത്തിയതിന് കൃത്യമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-34 2020-21ൽ ഫൈനൽ ബിൽ നൽകിയ പദ്ധതിക്കായി 2021-22ൽ വീണ്ടും പദ്ധതി രൂപീകരിച്ചു.

| | |
|---|---|
| പദ്ധതിയുടെ പേര് | വിവിധ വാർഡുകളിൽ മിനി എം.സി.എഫ് സെന്ററുകൾ സ്ഥാപിക്കൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നമ്പർ | 214/21(SO) |
| അടങ്കൽ | 11,50,000/- കേന്ദ്രാവിഷ്കൃത ഫണ്ട് |
| ചെലവ് | 11,02,146/- |
| എം.ബുക്ക് നമ്പർ | 124/20-21 |
| റ്റി എസ് നമ്പർ | 107345/2018-19 |
| കരാറുകാരൻ | ഷിജു.എസ് |
| ബിൽ തുക/നമ്പർ | 543368/- ചെക്ക് നം 5670334/25.2.21 |

കേന്ദ്രസർക്കാരിന്റെ സ്വച്ഛ് ഭാരത് അഭിയാൻ പദ്ധതി പ്രകാരം പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ മിനി മെറ്റീരിയൽ കളക്ഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിനായി 11,50,000/- രൂപയുടെ പദ്ധതിക്ക് അംഗീകാരം ലഭിച്ചിരുന്നു. ശ്രീ.ഷിജു.എസ് എന്ന കരാറുകാരൻ നിർമ്മാണം ഏറ്റെടുക്കുകയും ടിയാന് പാർട്ട് ബില്ലായി 5,43,368/- രൂപ 25.2.21 ന് നൽകുകയും ചെയ്തു. 25.3.21ൽ പദ്ധതി പൂർത്തിയാവുകയും ഫൈനൽ ബിൽ തുകയായ 5,58,778/- രൂപ ലഭിക്കുന്നതിനായി എ.ഇ സെക്രട്ടറിക്ക് റിക്വിസിഷൻ നൽകുകയും ചെയ്തു. സ്വച്ഛ് ഭാരത് അഭിയാൻ ഫണ്ട് ആയതിനാൽ സെക്രട്ടറി നേരിട്ട് കരാറുകാരന് ചെക്ക് നൽകിയതായി എ.ഇ.യെ അറിയിച്ചിട്ടുണ്ട്(ചെക്ക് നം.30719-കേരള ഗ്രാമീൺ ബാങ്ക് തീയതി 29.3.21). എന്നാൽ, കരാറുകാരന് തുക ലഭ്യമായില്ല എന്ന് എ.ഇ. യെ രേഖാമൂലം അറിയിച്ചതിനെ തുടർന്ന് 2021-22ൽ പുതിയ പ്രോജക്ട് (നമ്പർ 160/22) തയ്യാറാക്കി ഡിപിസി അംഗീകാരം നേടുകയും കരാറുകാരന് തുക മാറി നൽകുകയും ചെയ്തിട്ടുണ്ട്. 2020-21 വർഷം ചെക്ക് നൽകി സാംഖ്യയിലും സുലേഖയിലും പേയ്മെന്റ് കാണിച്ച പ്രസ്തുത പദ്ധതിക്കായി 2021-22ൽ വീണ്ടും പ്രോജക്ട് രൂപീകരിച്ചതിന്റെ കാരണം വ്യക്തമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 26/24.6.22) ലഭ്യമാക്കിയ മറുപടിയിൽ 2020-21 വർഷം കരാറുകാരന് ചെക്ക് ലഭ്യമായിട്ടില്ല

എന്നറിയിച്ചതിനാലാണ് 2021-22 ൽ പുതിയ പ്രോജക്ട് രൂപീകരിക്കേണ്ടി വന്നതെന്ന് അറിയിച്ചിരിക്കുന്നു. സെക്രട്ടറി ഒപ്പിട്ടു നൽകിയ ചെക്ക് കരാറുകാരന് ലഭിക്കാതിരുന്നതിന്റെ കാരണം വ്യക്തമല്ല.

ILGMS റിക്കൺസിലിയെഷൻ റിപ്പോർട്ട് പരിശോധിച്ചതിൽ, കേരള ഗ്രാമീൺ ബാങ്കിൽ (നടയറ - അക്കൌണ്ട് നമ്പർ 40351101016062) നല്കിയ 5,58,778രൂപയുടെ ചെക്ക് (ചെക്ക് നമ്പർ 30719/29.03.2021, വൌച്ചർ നമ്പർ 22000537/29.03.2021) Cheque Issued But Not Presented To Bank ഇനത്തിൽ ഉൾപ്പെടുത്തി ബാങ്ക് ബുക്ക്, പാസ് ബുക്ക് നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുത്തിയതായി കാണുന്നു.

ഇഷ്യൂ ചെയ്ത ചെക്കിന്റെ (നമ്പർ 30719/29.03.2021)നിലവിലെ അവസ്ഥ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-35 കുടുംബാരോഗ്യ കേന്ദ്രത്തിലേയ്ക്ക് ഫർണിച്ചർ, പി പി ഇ കിറ്റ്എന്നിവ വാങ്ങൽ - രേഖകളുടെ അഭാവത്തിൽ 1,31,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1)

| | |
|---|---|
| പദ്ധതിയുടെ പേര് | കുടുംബാരോഗ്യ കേന്ദ്രത്തിലേയ്ക്ക് ഉപകരണങ്ങൾ വാങ്ങൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ -എഫ്.എച്ച്.സി. |
| പ്രോജക്ട് നമ്പർ | 180/21 |
| അടങ്കൽ | 826714/-(38830 വി ഫ ജ + 787884 മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് | 98000/-മെയിന്റനൻസ് ഫണ്ട് റോഡിതരം |
| ബിൽ നമ്പർ | 50/11.4.20 |

2)

| | |
|---|---|
| പദ്ധതിയുടെ പേര് | പി പി ഇ കിറ്റ് വാങ്ങൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ-എഫ്.എച്ച്.സി. |
| പ്രോജക്ട് നമ്പർ | 240/21 |
| അടങ്കൽ | 33000/- കേന്ദ്രാവിഷ്കൃത ഫണ്ട് |
| ചെലവ് | 33000/- |
| ബിൽ നമ്പർ | 5237545/6.11.20 |

കുടുംബാരോഗ്യ കേന്ദ്രത്തിലേയ്ക്ക് ഉപകരണങ്ങൾ വാങ്ങൽ, പി പി ഇ കിറ്റ് വാങ്ങൽ എന്നീ പദ്ധതികളുടെ ഫയലുകൾ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. പ്രസ്തുത ഫയലുകൾ ഹാജരാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് റിക്വിസിഷൻ നമ്പർ 03 തീയതി 27.6.22 നൽകിയിരുന്നുവെങ്കിലും ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ 1,31,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഫയലുകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-36 കുടുംബാരോഗ്യകേന്ദ്രം ഓഡിറ്റോറിയത്തിലേക്ക് ഫർണിച്ചർ വാങ്ങൽ - രേഖകൾ ഹാജരാക്കിയില്ല.

| | |
|---|---|
| പദ്ധതിയുടെ പേര് | കുടുംബാരോഗ്യകേന്ദ്രം ഓഡിറ്റോറിയത്തിലേക്ക് ഫർണിച്ചർ വാങ്ങൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ -എഫ്.എച്ച്.സി. |
| പ്രോജക്ട് നമ്പർ | 181/21 |

| | |
|---|---|
| അടങ്കൽ | 399743/- ധനകാര്യകമ്മീഷൻ അവാർഡ് |
| ചെലവ് | 358500/- |
| ബിൽ നമ്പർ | 240000/-82/20.5.20<br>118500/-3/11.4.20 |

കുടുംബാരോഗ്യകേന്ദ്രം ഓഡിറ്റോറിയത്തിലേക്ക് ഫർണിച്ചർ വാങ്ങിയതിന് ശ്രീകൃഷ്ണ ഏജൻസി, ആറ്റിങ്ങൽ എന്ന സ്ഥാപനത്തിന് 2,40,000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഫർണിച്ചർ വാങ്ങിയതിന്റെ ടെണ്ടർ/ക്വട്ടേഷൻ നടപടികളുടെ വിവരം ലഭ്യമാക്കിയിട്ടില്ല.

കൂടാതെ, 1,18,500/- രൂപയുടെ ചെലവിന്റെ വിവരം, ചെലവ് സാധൂകരിക്കുന്ന രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററിൽ 2020-21 വർഷം ഫർണിച്ചറുകളുടെ വിവരം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പർച്ചേസ് സംബന്ധമായ രേഖകളൊന്നും ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 28/24.6.22ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവിനാധാരമായ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-37 കുടുംബശ്രീയൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട്, തിരിച്ചടവ് കാര്യക്ഷമമാക്കണം.

| | |
|---|---|
| പദ്ധതിയുടെ പേര് | സ്വയം തൊഴിൽ സംരംഭങ്ങൾക്ക് സബ്സിഡി |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 163/21 |
| അടങ്കൽ | 300000/-വികസനഫണ്ട് SCP |
| ചെലവ് | 300000/- |
| ബിൽ നമ്പർ | 27/11.04.20 |

അസി.സെക്രട്ടറി നിർവ്വഹണം നടത്തിയ സ്വയം തൊഴിൽ സംരംഭങ്ങൾക്ക് സബ്സിഡി എന്ന പദ്ധതി പ്രകാരം 5 പട്ടികജാതി അയൽക്കൂട്ടങ്ങൾക്ക് 60000/- രൂപ വീതം 11.4.20ന് റിവോൾവിംഗ് ഫണ്ട് അനുവദിച്ച് നൽകിയിട്ടുണ്ട്. 24 പ്രതിമാസ തവണകളായി തുക തിരിച്ചടയ്ക്കേണ്ടിയിരുന്നു. എന്നാൽ കുടുംബശ്രീ യൂണിറ്റുകൾ തുക തിരിച്ചടയ്ക്കുന്നതിൽ മുടക്കം വരുത്തിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| കുടുംബശ്രീ യൂണിറ്റിന്റെ പേര് | നാളിതുവരെ തിരിച്ചടച്ച തുക | ബാക്കി |
|---|---|---|
| ശ്രീനിധി | 7500 | 52500 |
| രാഗനിള | 40220 | 19780 |
| ശിവ | 47500 | 12500 |
| സ്യൂരോദയം | 27500 | 32500 |
| സ്നേഹ | 17500 | 42500 |

തുക തിരികെ ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം വിശദമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 50/27.6.22ന് ലഭ്യമാക്കിയ മറുപടിയിൽ കോവിഡ് പ്രതിസന്ധി കാരണമാണ് തിരിച്ചടവിൽ കാലതാമസം ഉണ്ടാകുന്നതെന്നും തുക പൂർണമായും പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

റിവോൾവിംഗ് ഫണ്ട് അനുവദിക്കുന്നതിന് നിദാനമായ 14.2.2018 ലെ സ ഉ (കൈ) നം 22/2018 നം സബ്സിഡി

മാർഗ്ഗരേഖയിലെ പ്രധാന വ്യവസ്ഥകൾ പ്രകാരം റിവോൾവിംഗ് ഫണ്ട് ഗുണഭോക്താവിനുള്ള ധനസഹായമല്ല, താൽക്കാലികമായ പലിശ രഹിത പ്രോത്സാഹനം മാത്രമാണ്. റിവോൾവിംഗ് ഫണ്ട് പ്രതിമാസ തവണകളായി കൃത്യമായി തിരിച്ചടപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതോടൊപ്പം റിവോൾവിംഗ് ഫണ്ട് സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ സൂക്ഷിക്കുന്ന രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-38 അഗതിരഹിത കേരളം - നിർവ്വഹണത്തിലെ അപാകങ്ങൾ

| | |
|---|---|
| പദ്ധതിയുടെ പേര് | അഗതിരഹിത കേരളം |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 115/21 |
| അടങ്കൽ | 200000/-വികസനഫണ്ട് SCP |
| ചെലവ് | 200000/- |
| ബിൽ നമ്പർ | 264/3.11.20 |

അഗതിരഹിത കേരളം പദ്ധതിക്കായി ആശ്രയ ലിസ്റ്റിൽ ഉൾപ്പെട്ട ധർമ്മജൻ, ചെല്ലമ്മ എന്നീ രണ്ട് പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളുടെ വീട് മെയിന്റനൻസിനായി കുടുംബശ്രീയ്ക്ക് 200000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ, പദ്ധതിയുടെ ആകെയുള്ള രണ്ട് ഗുണഭോക്താക്കൾക്കും 75000/- രൂപ വീതമാണ് നൽകിയിരിക്കുന്നത്. കുടുംബശ്രീക്ക് 50000/- രൂപ അധികം നൽകിയതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 27/24.6.22ന് ലഭ്യമാക്കിയ മറുപടിയിൽ ഗുണഭോക്താക്കൾക്ക് 25000/- രൂപ കൂടി നൽകുവാനുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ശ്രീമതി ചെല്ലമ്മ എന്ന ഗുണഭോക്താവ് നാളിതുവരെ ഭവന മെയിന്റനൻസ് പൂർത്തീകരിച്ചിട്ടില്ല. ഏകയും നിരാലംബയുമായ ശ്രീമതി ചെല്ലമ്മയുടെ ഭവന മെയിന്റനൻസ് സിഡിഎസ്സ് കമ്മിറ്റി ഇടപെട്ട് പൂർത്തിയാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയത് അടിയന്തിരമായി പൂർത്തിയാക്കേണ്ടതും ഭവന മെയിന്റനൻസ് പൂർത്തിയായ ശ്രീ.ധർമ്മജന് നൽകുവാനുള്ള ബാക്കി തുക ആവശ്യമായ പരിശോധനകൾക്കുശേഷം നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-39 കിണർ റീചാർജ്ജിംഗ്- മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കണം

| | |
|---|---|
| പദ്ധതിയുടെ പേര് | കിണർ റീചാർജ്ജിംഗ് |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 130/21 |
| അടങ്കൽ | 200000/-വികസനഫണ്ട് SCP |
| ചെലവ് | 200000/- |
| ബിൽ നമ്പർ | 282/11.11.20 |

ജില്ലാ ആസൂത്രണസമിതിയുടെ 19.2.2020ലെ പി.എൽ.ജി 1425/2019-20/ഡിപിസി/ഡിപിഒ/തിരു ഉത്തരവ് പ്രകാരം ചെമ്മരുതി പഞ്ചായത്തിലെ കിണർ റീചാർജ്ജിംഗ് പദ്ധതികൾ നടപ്പിലാക്കുന്നതിന് YMA എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉത്തരവിൽ നിർദ്ദേശിക്കും പ്രകാരം ഗുണഭോക്താക്കൾ, ഗ്രാമപഞ്ചായത്ത്, YMA എന്നിവർ ചേർന്നുള്ള തേഡ്പാർട്ടി എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടില്ല. വരും വർഷങ്ങളിൽ കരാറിൽ ഏർപ്പെടുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്(ഓഡിറ്റ് അന്വേഷണം നമ്പർ 27 തീയതി 24.6.22). ഏജൻസിയുമായി കൃത്യമായ കരാറിൽ ഏർപ്പെടുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഹരിതകേരളം പദ്ധതിയുടെ ഭാഗമായി കിണർ റീചാർജ്ജിംഗ് പദ്ധതി നടപ്പിലാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ എല്ലാ കിണറുകളിലും റീചാർജ്ജിംഗ് ഏർപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതുണ്ട്. (സ.ഉ(കൈ)നം 22/2018/തസ്വഭവ തീയതി 14.2.2018 മാർഗ്ഗരേഖ ഖ6.5.3).

## 1-40 കുളത്തിലെ മത്സ്യകൃഷി - മോണിറ്ററിംഗിന്റെ അഭാവം

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | S0209/21 | |
| പ്രോജക്ടിന്റെ പേര് | വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യകൃഷി | |
| ഫണ്ട് | അടങ്കൽ | ചെലവ് |
| വികസനഫണ്ട് | 152640 | 49040 |
| ഗുണഭോക്തൃ വിഹിതം (നേരിട്ട് ചെലവഴിക്കുന്നത്) | 376560 | 0 |
| എക്സ്റ്റേണലി എയ്ഡഡ് പരിപാടി | 208800 | 0 |

| | | |
|---|---|---|
| ആകെ | 738000 | 49040 |
| ബിൽ നമ്പർ | 518/25.03.2021 തുക 49040 | |
| നിർവ്വഹണം | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | |

2സെന്റ് പടുതാക്കുളത്തിൽ 1000 ആസാം വാള കുഞ്ഞുങ്ങളെ നിക്ഷേപിച്ച് 1 ടൺ ഉല്പാദനം ലക്ഷ്യമിട്ട് ആവിഷ്കരിച്ച പ്രോജക്ട്. ആറ് ഗുണഭോക്താക്കൾക്ക് 25440രൂപ വീതം വികസനഫണ്ട് വകയിരുത്തിയിരുന്നു.

1)പ്രോജക്ട് പ്രോഫോമ (ക്രമ നമ്പർ 44) പ്രകാരം മോണിറ്ററിംഗിന് വിധേയമാക്കേണ്ട ഘട്ടങ്ങൾ / ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഘട്ടം | ഘടകം |
|---|---|---|
| I | പടുതാക്കുളം നിർമ്മാണം | കുളം കുഴിക്കലും ബണ്ട് രൂപീകരണവും പോളിത്തീൻഷീറ്റ്, വാട്ടർ പമ്പ്/ സെൻട്രൽ ഡ്രെയിൻ, വെഞ്ചുറി പമ്പ്, സംരക്ഷിത വല |
| Ii | കൃഷി കാലയളവ് | ആരോഗ്യസ്ഥിതി, അതിജീവന നിരക്ക്, വളർച്ചാ നിരക്ക്, രോഗങ്ങൾ |
| Iii | വിളവെടുപ്പ് | ശരാശരി തൂക്കം, ആകെ വിളവ്, വരുമാനം |

ഇപ്രകാരം മോണിറ്ററിംഗ് നടന്നിട്ടില്ല.

2)രണ്ട് ഗുണഭോക്താക്കൾക്ക് 24520/- രൂപ വീതം സബ്സിഡി നൽകിയിട്ടുണ്ട്. ഇതിൽ അരുൺ.ഡി.പി. എന്ന ഗുണഭോക്താവ് അക്വാകൾച്ചർ ലൈസൻസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.

വിശദീകരണമാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയുടെ(നമ്പർ 06/20.06.2022) മറുപടിയിൽ പ്രസ്തുത അപാകങ്ങൾ വിശദീകരിക്കപ്പെട്ടിട്ടില്ല.

ഭാവിയിൽ, പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ, ഇപ്രകാരമുള്ള അപാകങ്ങൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 ഇല്ല

-

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ലൈഫ് ഭവന പദ്ധതി - അധികം നൽകിയ തുകയായ 10000/- രൂപ നിരാകരിക്കുന്നു.

| പ്രോജക്ട് നമ്പർ | SO007/21 | SO008/21 |
|---|---|---|
| പ്രോജക്ടിന്റെ പേര് | ലൈഫ് മിഷൻ ജനറൽ | ലൈഫ് മിഷൻ എസ്.സി.പി |
| നിർവഹണം | വി.ഇ.ഒ സർക്കിൾ 1 | വി.ഇ.ഒ സർക്കിൾ 1 |
| അടങ്കൽ | 8000000(1450000 വി.ഫ +20000000 സ.ഫ+7275000 ബ്ലോ.പ+7275000 ജി.പ+44000000ലോൺ) | 6000000(3050000 വി.ഫ+15000000 സ.ഫ+4475000 ബ്ലോ.പ+4475000 ജി.പ+33000000 ലോൺ) |
| ചെലവ് | 8070000 (1450000+2420000+1270000+0+2930000) | 8460000 (3050000+3350000+960000+0+1100000) |

സ.ഉ(എം.എസ്)നം.151/2017/തസ്വഭവ തീ.31.07.2017 പ്രകാരം ലൈഫ് ഭവന പദ്ധതി ഗുണഭോക്താക്കൾക്ക് അനുവദിക്കാവുന്ന പരമാവധി ധനസഹായം 4 ലക്ഷം രൂപയാണ്. എന്നാൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് അധിക തുക അനുവദിച്ച് നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | പേര്/വിലാസം | വിഭാഗം | ആകെ അനുവദിച്ച തുക | അധികം നൽകിയ തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | മഞ്ജു, വാറുവിള വീട്, | ലൈഫ് ജനറൽ | 560000 | 160000 | തിരികെ ഒടുക്കി |

| | | | | | |
|---|---|---|---|---|---|
| 2 | മീനാക്ഷി , കീട്ടു വീട് ചെമ്മരുതി | ലൈഫ് ജനറൽ | 410000 | 10000 | ഒടുക്കിയിട്ടില്ല |
| 3 | ഇന്ദിര , ഇന്ദിരാലയം , ഞെക്കാട് | ലൈഫ് ജനറൽ | 460000 | 60000 | തിരികെ ഒടുക്കി |
| 4 | സബീന , ചരുവിള വീട്, തറട്ട | ലൈഫ് ജനറൽ | 560000 | 160000 | തിരികെ ഒടുക്കി |
| 5 | രമ, ഗീതം, ഞെക്കാട് | ലൈഫ് ജനറൽ | 520000 | 120000 | തിരികെ ഒടുക്കി |
| 6 | സുന, ജെ.സി ലാന്റ്, വടശ്ശേരിക്കോണം | ലൈഫ് എസ്.സി.പി | 500000 | 100000 | തിരികെ ഒടുക്കി |
| 7 | അജിത, ചരുവിള പുത്തൻ വീട്,തച്ചോട് | ലൈഫ് എസ്.സി.പി | 560000 | 160000 | തിരികെ ഒടുക്കി |
| 8 | സിന്ധു, പുതുവൽവീട്, മുട്ടപ്പലം | ലൈഫ് എസ്.സി.പി | 560000 | 160000 | തിരികെ ഒടുക്കി |

ഫയൽ, രജിസ്റ്റർ , ഓഡിറ്റ് എൻക്വയറിയുടെ മറുപടി (നം.41/25.06.22)എന്നിവ പരിശോധിച്ചതിൽ മീനാക്ഷി , കീട്ട് വീട് ചെമ്മരുതി എന്ന ഗുണഭോക്താവ് ഒഴികെയുള്ള (ബിൽ നം.572/30.03.2021 ) ഗുണഭോക്താക്കൾ അധികം കൈപ്പറ്റിയ തുക തിരികെ ഒടുക്കിയിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് ഇത്തരത്തിൽ തുക അനുവദിച്ച് നൽകിയത് ഗുരുതരമായ വീഴ്ചയാണ്. വിവിധ ഗുണഭോക്താക്കൾക്ക് അധികം തുക നൽകിയതിന്റെ വിശദീകരണം ലഭ്യമാക്കേണ്ടതും അധികമായി നൽകിയ 10000/- രൂപ ഈടാക്കി ഗ്രാമപഞ്ചായത്തിൽ ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പ്രോജക്ടിന്റെ പേര് | ചെലവ് |
|---|---|---|
| ജില്ല പഞ്ചായത്ത് | ക്ഷീര സമൃദ്ധി | 80000 |
| | കേദാരം | 584392 |
| | ക്ഷീര സമൃദ്ധി (SO) | 337865 |
| | കേദാരം സമഗ്ര നെൽ കൃഷി (SO) | 911710 |
| | സ്നേഹ സ്പർശം - മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പും ബത്തയും | 122625 |
| ആകെ | | 2036592 |
| ബ്ലോക്ക് പഞ്ചായത്ത് | ക്ഷീര സമൃദ്ധി | 500000 |
| | കേദാരം | 1020000 |
| | ജൈവ സമൃദ്ധി - തരിശ് ഭൂമി കൃഷി | 72840 |
| | കേദാരം സമഗ്ര നെൽ കൃഷി (SO) | 98430 |

| | | |
|---|---|---|
| | ഇടവിള കൃഷി (തരിശ് ) | 127500 |
| | ലൈഫ് മിഷൻ (ജനറൽ) | 1270000 |
| | ലൈഫ് മിഷൻ -ഭൂരഹിതർക്ക് ഭൂമി വാങ്ങൽ (ജനറൽ) | 590000 |
| | സ്നേഹ സ്പർശം - മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പും ബത്തയും | 270750 |
| | ലൈഫ് മിഷൻ -ഭൂരഹിതർക്ക് ഭൂമി വാങ്ങൽ(SO) | 517157 |
| | ലൈഫ് മിഷൻ(SCP) | 960000 |
| | ലൈഫ് മിഷൻ -ഭൂരഹിതർക്ക് ഭൂമി വാങ്ങൽ (SO) | 475000 |
| | ലൈഫ് മിഷൻ(SCP)(SO) | 230893 |
| ആകെ | | 6132570 |

| | 2019-20 B4 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2020-21 RP – 7, RP30 പ്രകാരം വരവ് | ആകെ | സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് | നീക്കിയിരിപ്പ് | 2020-21 B4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് വിഹിതം | 35200 | 2036592 | 2071792 | 2036592 | 35200 | 35200 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2369454 | 4909520 | 7278974 | 6132570 | 1146404 | 1146404 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾക്ക് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | തൻ വർഷം ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | ഇലക്ട്രിക്കൽ പോസ്റ്റ് സ്ഥാപിക്കലും വൈദ്യുതി ലൈൻ ദീർഘിപ്പിക്കലും (76/21) | 147084 | 0 | 147084 |
| | സ്ട്രീറ്റ് മെയിൻ (SO) (176/21) | 1022349 | 0 | 1022349 |
| | ആകെ | 1169433 | 0 | 1169433 |
| കേരള വാട്ടർ അതോറിറ്റി | ഇ.എം.എസ്.സ്മാരക ഗ്രന്ഥശാലയ്ക്ക് വാട്ടർ കണക്ഷനായി തനത് ഫണ്ട് വിനിയോഗിച്ചത് | 16400 | 0 | 16400 |

| | ആകെ | 16400 | 0 | 16400 |
|---|---|---|---|---|

| | 2019-20 B18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2020-21 വർഷത്തെ നിക്ഷേപം | ആകെ | ചെലവ് | നീക്കിയിരിപ്പ് | 2020-21 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 5075625 | 16400 | 5092025 | 0 | 5075625 | 5092025 |
| കെ.എസ്.ഇ.ബി | 2124671 | 1169433 | 3294104 | 0 | 3294104 | 3294104 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക (തൻ വർഷം) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജി.ഒ.(എം.എസ്)68/18 തീയതി 15.05.2018 | 13940000 | 4930912 | 1376942 | - | 17493970 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 2017-18 | 4(എ) | ആസ്തി രജിസ്റ്റർ പൂർണവും കാലികവുമല്ല | പഞ്ചായത്ത് ഭരണ സമിതി തീരുമാനപ്രകാരം മറുപടി നൽകിയിട്ടുണ്ട്. |
| 2017-18 | 4(ബി) | രണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തി രജിസ്റ്ററിൽ ഒരേ റോഡ് ഉൾപ്പെടുത്തിയിരിക്കുന്നു. | |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 2,93,13,959 |
| ഓഡിറ്റ് വർഷത്തെ വരവ് | 13,30,74,042 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 12,22,48,187 |

| | |
|---|---|
| നീക്കിയിരിപ്പ് | 4,01,39,814 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 10,000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2311597 |

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 10,000 | ശ്രീ. പ്രവീൺ.എം.,<br>വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ – സർക്കിൾ 1 |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 98,700 | ഡോ. ഹിഷാം.എ., വെറ്റിനറി സർജൻ |
| 1-26 | 9,20,927 | ശ്രീ. സുപിൻ.വി., സെക്രട്ടറി |
| 1-29 | 1000000 | ശ്രീ. സുപിൻ.വി., സെക്രട്ടറി |
| 1-30 | 160970 | ശ്രീ. സുപിൻ.വി., സെക്രട്ടറി |
| 1-35 | 1,31,000 | ഡോ. അൻവർ അബ്ബാസ്,<br>മെഡിക്കൽ ഓഫീസർ – എഫ്.എച്ച്.സി. |
| ആകെ | 2311597 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. പ്രവീൺ.എം.,<br>വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ – സർക്കിൾ 1 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,<br>ചെമ്മരുതി ഗ്രാമപഞ്ചായത്ത് | പ്രവീൺ നിവാസ്,<br>കാവുവിള,<br>പോത്തൻകോട്.പി.ഒ. |
| ഡോ. ഹിഷാം.എ.,<br>വെറ്റിനറി സർജൻ | വെറ്റിനറി സർജൻ,<br>ചെമ്മരുതി ഗ്രാമപഞ്ചായത്ത് | അഷർ, നാഗരുകുഴി,<br>പാലാംകോണം പി.ഒ,<br>വെഞ്ഞാറമൂട് -695605 |
| ശ്രീ. സുപിൻ.വി.,<br>സെക്രട്ടറി | കെ.എ.എസ്. ട്രെയിനി | സോപാനം,അയന്തി,<br>പത്തുവിള,വർക്കല.പി.ഒ |
| ഡോ. അൻവർ അബ്ബാസ്,<br>മെഡിക്കൽ ഓഫീസർ – എഫ്.എച്ച്.സി. | മെഡിക്കൽ ഓഫീസർ – എഫ്.എച്ച്.സി.,<br>ചെമ്മരുതി ഗ്രാമപഞ്ചായത്ത് | അറഫ,<br>തോന്നയ്ക്കൽ പി.ഒ.<br>മംഗലപുരം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന |
|---|---|---|

| | | ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2006-07 | കെ.എസ്.എ.റ്റി.വി.എം/ജി.പി7/1242/2018 തീ.04.06.2018 | 8 |
| 2007-08 | കെ.എസ്.എ.റ്റി.വി.എം/ജി.പി7/1242/2018 തീ.04.06.2018 | 2 |
| 2008-09 | കെ.എസ്.എ.റ്റി.വി.എം/ജി.പി7/1242/2018 തീ.04.06.2018 | 4 |
| 2009-10 | കെ.എസ്.എ.റ്റി.വി.എം/ജി.പി7/1242/2018 തീ.04.06.2018 | 1 |
| 2010-11& 2011-12 | കെ.എസ്.എ.റ്റി.വി.എം/ജി.പി7/1242/2018 തീ.04.06.2018 | 1 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം/ജി.പി7/1242/2018 തീ.04.06.2018 | 5 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം/ജി.പി7/1242/2018 തീ.04.06.2018 | 4 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം/ജി.പി7/1242/2018 തീ.04.06.2018 | 4 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം/ജി.പി7/2074/2016 തീ.25.10.2017 | 7 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ജി.പി7/1840/2017 തീ.05.06.2018 | 11 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം/ജി.പി7/305/2019 തീ.03.02.2020 | 12 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ജി.പി7/2181/2019 തീ.10.01.2020 | 50 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം/ജി.പി7/1951/2021 തീ.24.03.2021 | 44 |

ഡെപ്യൂട്ടി ഡയറക്ടർ ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ ചെമ്മരുതി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ ചെമ്മരുതി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്